# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 80**
**2015 November**


## സമർപ്പിത വർഷം

80
Years of
Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ- പ്രോഗ്രാം
- ചൈതന്യ കമ്മീഷൻസ്
- ബൈബിൾ കമ്മീഷൻ
- വിശ്വാസപരിശീലന കമ്മീഷൻ
- ഫാമിലി കമ്മീഷൻ
- ലീജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻലീഗ്
- കെ.സി.എസ്.എൽ
- കെ.സി.വൈ..എൽ
- കെ.സി.ഡബ്ല്യു.എ
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 177
Closing of Eparchial Tribunal: Servant of God Mar Mathew Makil

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 15-09-2015

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ

അഭിവന്ദ്യ മാക്കീൽ പിതാവിന്റെയും പൂതത്തിൽ ബഹു. തൊമ്മിയച്ചന്റെയും ജീവിതവിശുദ്ധി സാർവ്വത്രിക സഭ ആകമാനം മാതൃകയും അനുഗ്രഹവുമായി മാറണമെന്ന ദൈവജനത്തിന്റെ ആഗ്രഹം പരിഗണിച്ചുകൊണ്ട് നാം അതിനായുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും സീറോ മലബാർ സിനഡിന്റെയും വിശുദ്ധ സിംഹാസനത്തിന്റെയും അനുമതിയോടെ 2009 ജനുവരി മാസം 26-ാം തീയതി നാമകരണ നടപടികൾ ഔദ്യോഗികമായി അറിയിക്കുകയും ചെയ്ത കാര്യം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ.

ഇക്കാര്യങ്ങൾക്കായി സ്ഥാപിക്കപ്പെട്ട അതിരൂപതാ കോടതി ഈ രണ്ടു ദൈവദാസന്മാരെക്കുറിച്ച് സഭാ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ അന്വേഷണങ്ങളും തെളിവെടുപ്പുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടനുബന്ധിച്ച് റോമിൽ നിന്നുള്ള അനുവാദത്തോടെ 2014 ഏപ്രിൽ 23-ാം തീയതി ദൈവദാസൻ മാക്കീൽ പിതാവിന്റെ ഇടയ്ക്കാട്ടു പള്ളിയിലുള്ള കബറിടം തുറന്നു പരിശോധിക്കുകയും സഭാനിയമങ്ങൾ അനുസരിച്ച് ഭൗതികാവശിഷ്ടങ്ങൾ പ്രത്യേകം തയ്യാർ ചെയ്യപ്പെട്ട കല്ലറയിൽ അടക്കം ചെയ്യുകയും ചെയ്തു.

ദൈവദാസൻ മാക്കീൽ പിതാവിന്റെ നാമകരണം സംബന്ധിച്ച് അതിരൂപതയുടെ നടപടികൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നതിനാൽ 2015 നവംബർ 3-ാം തീയതി ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഈ നടപടികൾ ഔദ്യോഗികമായി അവസാനിപ്പിക്കുന്നതും എല്ലാ രേഖകളും റിപ്പോർട്ടുകളും പരിശുദ്ധ സിംഹാസനത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതുമാണ്.

ദൈവസഹായത്താൽ അതിരൂപതാ നടപടികൾ വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തിനു നന്ദിപറയുന്നതിനും നമ്മുടെ അതിരൂപതയുടെ സ്ഥാപനത്തിന് തന്നെ കാരണക്കാരനായ ദൈവദാസൻ മാക്കീൽ പിതാവിനെ വിശുദ്ധരുടെ പട്ടികയിലേയ്ക്കുയർത്തുന്നതിനുള്ള ദൈവസഹായം യാചിക്കുന്നതിനുമായി നവംബർ 3-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കത്തീഡ്രലിൽ നടക്കുന്ന സമൂഹബലിയിൽ നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും സാധിക്കുന്നത്ര അത്മായരും പങ്കെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയനായി തന്നെത്തന്നെ സഭയുടെയും ക്നാനായ സമുദായത്തിന്റെയും വളർച്ചയ്ക്കായി സമ്പൂർണ്ണ സമർപ്പണം ചെയ്ത ദൈവദാസൻ മാക്കീൽ പിതാവിനെ നമുക്ക് ഒന്നുചേർന്ന് നന്ദിയോടെ അനുസ്മരിക്കാം. ഒപ്പം ദൈവം തിരുമനസ്സാകുന്നെങ്കിൽ അദ്ദേഹം സാർവ്വത്രിക സഭ അംഗീകരിച്ച വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും ഗണത്തിൽ ചേർക്കപ്പെടാൻ ദൈവത്തോടപേക്ഷിക്കാം. നവംബർ 3-ാം തീയതിയിലെ സമൂഹബലിയും അതിരൂപതാ നടപടികളുടെ ഔദ്യോഗിക സമാപനവും നിങ്ങളേവരുടെയും പ്രാർത്ഥനയാലും സാധിക്കുന്നത്ര വിശ്വാസികളുടെ സാന്നിദ്ധ്യത്താലും അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിച്ചറിയിക്കേണ്ടതാണ്.

# തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| നവംബർ | 8 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>(ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം) |
| | 12 | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| | | (ഫാ. ജിബിൽ, ബ്രദർ തോമസ് കുര്യൻ & ടീം) |
| | 22 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## November 2015

| Date | Programme |
|---|---|
| 3 | KSSS Animators' Meeting |
| 5 | Election Booth |
| 6 | KSSS Coordinators' Meeting |
| 6 | KSSS Central Level Federation Meeting |
| 7-8 | Holy Childhood Camp |
| 8 | Vincent de Paul Meeting |
| 10 | Pastoral Council Meeting |
| 10 | Vincent de Paul Meeting |
| 11 | Presbyteral Council |
| 11-12 | Batch Gathering – Fr. Kurian Thattarukunnel |
| 11-13 | Co-operative Bank Employees Training |
| 12 | KSSS Coordinators' Meeting |
| 12-14 | Pre-Marriage Course |
| 15 | Franciscan 3rd Order Meeting |
| 17-22 | 18th KSSS' Annual SHG Fest & Chaithanya Karishikamela 2015 |
| 26 | KSSS Coordinators' Meeting |
| 28 | KSSS CBR CRC |
| 28 | KCWA Annual Meet |

# ചൈതന്യ കമ്മീഷൻസ്

## പാരീഷ് കൗൺസിൽ പ്രതിനിധികളുടെ പരിശീലനം

അതിരൂപതയിലെ ഇടവകകളിൽ പുതുതായി നിലവിൽ വന്ന പാരീഷ് കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലനം പൂർത്തിയായി. സോഷ്യൽ ആക്ഷൻ, വിശ്വാസ പരിശീലനം & ദൈവവിളി, കരിസ്മാറ്റിക് & ടെമ്പറൻസ് എന്നീ കമ്മീഷനുകളുടെ ഉത്തരവാദിത്വമുള്ള പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് പരിശലനം നൽകി. പരിശീലനത്തിന് അതിരൂപത കമ്മീഷൻ അംഗങ്ങൾ നേതൃത്വം നല്കി.

## സോഷ്യൽ ആക്ഷൻ കമ്മീഷൻ

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സോഷ്യൽ ആക്ഷൻ കമ്മീഷൻ അംഗങ്ങളുടെയും പാരീഷ് കൗൺസിലിൽ നിന്നും സോഷ്യൽ ആക്ഷൻ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ജനറൽ ബോഡി മീറ്റിംഗ് ഒക്ടോബർ 2-ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫ്രാൻസിസ് മാർപാപ്പയുടെ ലൗദാത്തോ സീ എന്ന ചാക്രിക ലേഖനത്തെക്കുറിച്ച് ഫാ. ആൻഡ്രൂസ് മേക്കാട്ട്കുന്നേൽ ക്ലാസ്സ് നയിച്ചു. തുടർന്ന് അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സന്ദേശം നൽകി. പരിസ്ഥിതിക്ക് ദോഷം വരുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തണമെന്നും മൃതസംസ്ക്കാരം, തിരുനാളുകൾ മുതലായവയിൽ ശബ്ദ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി. കുട്ടികൾക്ക് വിശ്വാസ പരിശീലനത്തിനൊപ്പം, മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം, ജലത്തിന്റെ ഉപയോഗം, മറ്റുള്ളവരോടുള്ള സമീപനം, സാമാന്യ മര്യാദകൾ തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

## വിശ്വാസ പരിശീലനം & ദൈവവിളി കമ്മീഷനുകൾ

പുതുതായി തിരഞ്ഞെടുക്കപ്പെട്ട മതബോധനം & ദൈവവിളി കമ്മീഷനുകളിലെ അംഗങ്ങളുടെയും പാരീഷ് കൗൺസിലിൽ നിന്നും മത

ബോധനം & ദൈവവിളി കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ജനറൽ ബോഡി മീറ്റിംഗ് ഒക്ടോബർ 3 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. 'വിശ്വാസ പരിശീലനം ദൈവവിളി' എന്ന വിഷയത്തിൽ ഫാ. ബേബി കരിന്തോളിൽ ക്ലാസ് നയിച്ചു. തുടർന്ന് നടത്തപ്പെട്ട പൊതുസമ്മേളനം അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ 76 അംഗങ്ങൾ പങ്കെടുത്തു.

തുടർന്നുള്ള ചർച്ചയിൽ ആതുരാലയങ്ങൾ, അനാഥാലയം എന്നിവ സന്ദർശിക്കുക, സ്വന്തം ഇടവകയിലെ കൂടാരയോഗങ്ങളിലുൾപ്പെടുന്ന വീടുകളിലെ അവശത അനുഭവിക്കുന്ന വികലാംഗർ, ഏകസ്ഥർ, വൃദ്ധർ, രോഗികൾ എന്നിവരെ സന്ദർശിക്കുക, ആശ്വസിപ്പിക്കുക, ക്രൂശിത രൂപം വീടുകളിൽ സ്ഥാപിക്കുക, കരുണയുടെ ഈശോയുടെ ചിത്രങ്ങൾ, മാതാവിന്റെയും ഈശോയുടെയും കാരുണ്യ ചിത്രങ്ങൾ എക്സിബിഷനായി സ്കൂളിൽ പ്രദർശിപ്പിക്കുക, കരുണയുടെ തിരുവചനങ്ങൾ കാണാതെ പഠിക്കുക എന്നീ നിർദ്ദേശങ്ങൾ അംഗങ്ങൾ ഉന്നയിച്ചു.

മുതിർന്നവർ മാതൃകാപരമായി ജീവിക്കുവാൻ ശ്രമിക്കുക, വൈദികരെയും സമർപ്പിതരെയും കുറ്റം പറയാതിരിക്കുക, കുട്ടികൾക്ക് വിശുദ്ധരുടെ ജീവിതം പരിചയപ്പെടുത്തി കൊടുക്കുക, സമർപ്പിതരുടെ സേവനത്തിന്റെ മുഖം കുട്ടികൾക്ക് കാണിച്ചു കൊടുക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ വൊക്കേഷൻ കമ്മീഷന്റെ ചർച്ചകളിൽ മുന്നോട്ടു വച്ചു.

## കരിസ്മാറ്റിക് & ടെമ്പറൻസ് കമ്മീഷൻസ്

പുതുതായി തിരഞ്ഞെടുക്കപ്പെട്ട കരിസ്മാറ്റിക് & ടെമ്പറൻസ് കമ്മീഷൻസ് അംഗങ്ങളുടെയും പാരീഷ് കൗൺസിലിൽ നിന്നും കരിസ്മാറ്റിക് & ടെമ്പറൻസ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ജനറൽ ബോഡി മീറ്റിംഗ് ഒക്ടോബർ 11 ന് തൂവാനീസിൽ നടത്തപ്പെട്ടു.

എല്ലാ ഇടവകകളിലും പ്രാർത്ഥനാ ഗ്രൂപ്പുകൾ സ്ഥാപിച്ച് അവയെ മദ്യവിരുദ്ധ സമിതികളാക്കി രൂപപ്പെടുത്തണമെന്നും, ഹോം മിഷൻ ശുശ്രൂഷ ഫലപ്രദമായി നടത്തി ഇടവകയിലുടെ മുഖ്യധാരയിൽ നിന്നും

കൗദാശിക ജീവിതത്തിൽ നിന്നും അകന്നു കഴിയുന്നവരെ അടുപ്പിക്കണമെന്നും, കാരിത്താസ് ഹോസ്പിറ്റലിലെ ഡീ-അഡിക്ഷൻ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ യോഗം മുന്നോട്ട് വച്ചു.

## എഡ്യുക്കേഷൻ & എക്യുമെനിക്കൽ കമ്മീഷൻസ്

കോട്ടയം അതിരൂപതയിലെ എല്ലാ ഇടവകകളിലേയും വിദ്യാഭ്യാസ പ്രവർത്തകരുടെ പ്രതിനിധി സംഗമം ഒക്ടോബർ 22-ാം തീയതി വ്യാഴാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. വിദ്യാഭ്യാസ മേഖല ഇന്ന് നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്നും നൂറ്റാണ്ടുകളായി പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കുന്ന സഭയുടെ വിദ്യാഭ്യാസ ദർശനങ്ങൾക്ക് ശക്തി പകരുവാൻ സർക്കാരിന് കടമയുണ്ടെന്നും, മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രൊഫസർ സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി.സംഗമത്തോടനുബന്ധിച്ച് 'വിദ്യാഭ്യാസ ക്ഷേമപ്രവർത്തനങ്ങളും സമഗ്ര ഇടപെടിലുകളും' എന്ന വിഷയത്തിൽ അതിരൂപത എഡ്യുക്കേഷൻ കമ്മീഷൻ ചെയർമാൻ പ്രൊഫ. ജോസ് ജെയിംസ് സെമിനാർ നയിച്ചു. വിവിധ ഇടവകകളിൽ നിന്നായി 43 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

## ഹൈറേഞ്ച് ഫൊറോന പ്ലാനിംഗ് മീറ്റിംഗ്

സോഷ്യൽ ആക്ഷൻ കമ്മീഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈറേഞ്ച് മേഖലയിലെ പ്ലാനിംഗ് മീറ്റിംഗ് ഒക്ടോബർ 11 ന് തെള്ളിത്തോട് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഹൈറേഞ്ച് മേഖലയിലെ വൈദികരും ഇടവകകളിൽ നിന്നും പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. വിവാഹ ഒരുക്ക കോഴ്സ് കെസി.വൈ.എൽ സംഘടനയുമായി സഹകരിച്ച് ഹൈറേഞ്ച് മേഖലയിൽ വർഷത്തിൽ ഒരിക്കലെങ്കിലും നടത്തപ്പെടുക, യൂത്ത് കൺവൻഷൻ എല്ലാ വർഷവും നടത്തുക, K. C. C & K. C. W. A. യൂണിറ്റ് എല്ലാ ഇടവകളിലും ആരംഭിക്കണമെന്നും തുടങ്ങിയ നിർദ്ദേശങ്ങൾ യോഗം മുന്നോട്ട് വച്ചു.

## ചൈതന്യ കമ്മീഷൻ പ്ലാനിംഗ് മീറ്റിംഗ് നടത്തി

ചൈതന്യ കമ്മീഷൻസ് ചെയർമാൻമാരുടെ സംയുക്ത മീറ്റിംഗ് ഒക്ടോബർ മാസം 20-ാം തീയ്യതി ചൊവ്വാഴ്ച മാർ മാത്യു മൂലക്കാട്ട് മെത്രപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്ത മൂന്ന് മാസത്തേക്കുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
കോർഡിനേറ്റർ, ചൈതന്യ കമ്മീഷൻസ്

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് 2015 വിജയികൾ

ലോഗോസ് ക്വിസ് 2015 ന്റെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണ് 1 മുതൽ 5 വരെ സ്ഥാനങ്ങൾ ലഭിച്ചവരുടെ പേരുവിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്. ഇടവകകളിൽ നിന്നുതന്നെ മാർക്കുകൾ ഓൺലൈനിൽ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. മുഴുവൻ മത്സരാർത്ഥികളുടെയും മാർക്ക്ലിസ്റ്റ് ഇതോടൊപ്പം അയക്കുന്നു. സമ്മാനങ്ങൾ നൽകുന്ന ദിവസം അറിയിക്കുന്നതാണ്. ഇടവകതലത്തിലുള്ള സമ്മാനങ്ങൾ പി.ഒ.സി യിൽനിന്നു ലഭിക്കുന്നതനുസരിച്ച് നൽകും. അഭിനന്ദനങ്ങൾ!

**എ വിഭാഗം**

1-ാം സമ്മാനം ഏഞ്ചൽ ലൂക്കോസ് ആണ്ടൂർ നീണ്ടൂർ - 87 മാർക്ക്

2-ാം സമ്മാനം ഷോൺ നിമ്മിച്ചൻ വടക്കഞ്ചേരിൽ മ്രാല - 84 മാർക്ക്

3-ാം സമ്മാനം മിന്നു റോസ് കൊല്ലംപറമ്പിൽ ഉഴവൂർ - 75 മാർക്ക്

**4-ാം സമ്മാനം (ഏഴു പേർക്ക്)**

1. അലീന ടോമി വള്ളിക്കുന്നേൽ പയസ്മൗണ്ട് 2. ഡിയ മേരി ജയിംസ് ചിറയിൽ കല്ലറ ന്യൂ 3. അജയ് ചാക്കോ ആനിമൂട്ടിൽ കള്ളാർ 4. ആഷിഷ് ജോൺസൺ വാക്കേപറമ്പിൽ കല്ലറ ന്യൂ 5. അനീറ്റ ബിജു എടപ്പാറയിൽ കുറുമുള്ളൂർ 6. അഖിൽ സോണി വാക്കേപറമ്പിൽ കല്ലറ ന്യൂ 7. സാംസൺ മാത്യു പുതിയേടത്ത് മടമ്പം.

**5–ാം സമ്മാനം**

1. ആൻ റ്റെസിയ ജിം ഞെഴുകുമറ്റത്തിൽ നീറിക്കാട് 2. ആൽമ അന്ന ജോബി പല്ലാട്ടുമഠത്തിൽ വാരപ്പെട്ടി 3. സഞ്ചിയ ബെന്നി ചിറപ്പുറത്ത് ചേർപ്പുങ്കൽ 4. ആൻമേരി ചാഴികാട്ട് അരീക്കര 5. ജോയൽ ജെ. പുതുമായിൽ പുന്നത്തുറ 6. ഡിയ മെർലിൻ ഡോളി വെട്ടുകല്ലേൽ അരയങ്ങാട് 7. ജബിത ജയ്മോൻ പാറശ്ശേരിൽ അറുനൂറ്റിമംഗലം 8. നമിത ജോയി കണ്ണാരത്തിൽ കല്ലറ ന്യൂ 9. എയ്ഞ്ചൽ ജോയി അരീക്കര 10. സാൻ ജോസ് സി.എസ് ചിങ്ങോന്തറ മള്ളൂശ്ശേരി 11. ക്രിസ്റ്റി ബിജു മണ്ണാർകാട്ടിൽ ഏറ്റുമാനൂർ 12. ഫ്ളാവിയ ബിജി തേനംമാക്കിൽ വാരപ്പെട്ടി 14. മാർട്ടിൻ ജേക്കബ് കളത്തുപറമ്പിൽ 15. ആൽഫ്രെട്ട് ഷിബി മേക്കര പുതുശ്ശേരി.

**ബി വിഭാഗം**

1–ാം സമ്മാനം മിഥില ലൂക്കോസ് പള്ളിക്കര പെരിക്കല്ലൂർ – 95 മാർക്ക്

2–ാം സമ്മാനം മേഖ ലൂക്കോസ് പള്ളിക്കര പെരിക്കല്ലൂർ – 93 മാർക്ക്

3–ാം സമ്മാനം അക്സ മേരി ജിജോ കീരിമുകളേൽ നീണ്ടൂർ – 89 മാർക്ക്

**4–ാം സമ്മാനം (ഏഴു പേർക്ക്)**

1. ലീനു ലാൽസൺ പുത്തൻപുരയ്ക്കൽ കട്ടച്ചിറ 2. ഏലിയാമ്മ തോമസ് കൊച്ചുപറമ്പിൽ പയസ്മൗണ്ട് 3. സ്റ്റെഫി ഫെലിക്സ് കൂടല്ലൂർ 4. ജസ്റ്റിനാ ഷാജി ആക്കാടുകുടിയിൽ പയസ് മൗണ്ട് 5. അനീഷാ ബേബി തെക്കുംപെരുമാലിൽ അമനകര 6. ജാസ്മിൻ മേരി ചിറയിൽ കല്ലറ ന്യൂ 7. അപർണ്ണ ഷാജി അമ്പലത്തറ കിടങ്ങൂർ.

**സി വിഭാഗം**

1–ാം സമ്മാനം നിത്യാമോൾ അബ്രാഹം വരണാകുഴിയിൽ പയസ്മൗണ്ട് – 95 മാർക്ക്

2–ാം സമ്മാനം ആൻ കുര്യൻ കൊച്ചാലുമൂട്ടിൽ കാരിത്താസ് – 92 മാർക്ക്

3–ാം സമ്മാനം ഡാലിയ വിപിൻ വടുതല എറണാകുളം – 90 മാർക്ക്

**4–ാം സമ്മാനം (ഏഴു പേർക്ക്)**

1. അമൽ മരിയ സെന്റ് ജോസഫ് ജനറലേറ്റ് 2. അക്ഷയ എസ്. സെന്റ് ജോസഫ് ജനറലേറ്റ് 3. റവ. സി. ഇവാനിയ സെന്റ് ജോസഫ് ജനറലേറ്റ് 4. ഡെന്നി അലക്സ് കുപ്പേനാനിക്കൽ ഉഴവൂർ 5. റവ. സി. അപർണ്ണ എസ്.വി.എം ഇടയ്ക്കാട്ട് 6. റവ. സി. ആൻ സോണി മേമ്മുറി 7. അനീറ്റ സണ്ണി സെന്റ് ജോസഫ് ജനറലേറ്റ്

**5-ാം സമ്മാനം (15 പേർക്ക്)**

1. ജിസ്ന ജോസഫ് വിസിറ്റേഷൻ കോൺവെന്റ് 2. ഷിൻസി ജോയി വിസിറ്റേഷൻ കോൺവെന്റ് 3. ഷൈല തോമസ് നെല്ലിയാടി 4. മിനി മോൾ റ്റി.പി തൊഴുത്തുകര മാലക്കല്ല് 5. അഖില പി. എസ്.ജെ.സി 6. മരീന സാജൻ എസ്.ജെ.സി 7. ടോം ജിയോ ജെയിംസ് പുല്ലാട്ടുകാലായിൽ കൈപ്പുഴ 8. ക്രിസ്റ്റി മറിയം കണ്ടാരപള്ളിൽ കുറുപ്പന്തറ 9. ജോസ്നി പി. ജോയി പുളിയംപള്ളിൽ തോട്ടറ 10. ടോം ജോസഫ് താന്നിക്കുഴിയിൽ കോതനല്ലൂർ 11. ജോബിത ജോയി വിസിറ്റേഷൻ കോൺവെന്റ് 12. ജെസ്ന ജോൺസൺ വലിയപറമ്പിൽ മാറിക 13. അഖില മാത്യു എടയോടിൽ മാറിക 14. ആൻ ട്രീസാ ജെയിംസ് കരിപ്പാടം 15. വിനീത മുണ്ടയ്ക്കപറമ്പിൽ കല്ലറ പഴയപള്ളി

**ഡി വിഭാഗം**

1-ാം സമ്മാനം ഷേർളി റ്റാജു പതിയിൽപ്ലാച്ചേരിൽ, നീണ്ടൂർ - 98 മാർക്ക്
2-ാം സമ്മാനം ലാൽസൺ മാത്യു പുത്തൻപുരയ്ക്കൽ കട്ടച്ചിറ - 94 മാർക്ക്
3-ാം സമ്മാനം റീന ലാൽസൺ പുത്തൻപുരയ്ക്കൽ കട്ടച്ചിറ - 93 മാർക്ക്
4-ാം സമ്മാനം (ഏഴു പേർക്ക്)

1. സോമിനി സൈമൺ തോട്ടുവേലിൽ ഞീഴൂർ 2. ബീനു തമ്പി വിരുത്തകുളങ്ങര കല്ലറ ന്യൂ 3. ഷേർളി ലൂക്കോസ് പള്ളിക്കര പെരിക്കല്ലൂർ 4. മനോജ് ജോസഫ് തൈക്കൂട്ടത്തിൽ നീണ്ടൂർ 5. ത്രേസ്യാമ്മ ഫിലിപ്പ് ആണ്ടൂർ നീണ്ടൂർ 6. എൽസമ്മ ജോയി പടേട്ട് മടമ്പം 7. ദീപ്തി ബ്ലെസൺ ചിറയത്ത് പുതുവേലി

5-ാം സമ്മാനം (15 പേർക്ക്)

1. ദീപ കൊല്ലംപറമ്പിൽ ഉഴവൂർ 2. മാത്യു റ്റി.ജെ തണ്ണിത്തടത്തിൽ കുറുമുള്ളൂർ 3. മിനി റ്റോമി കരിപ്പാടം 4. റവ. സി. ജെയ്മേരി എസ്.വി.എം. മാറിക 5. മേരി ജയിംസ് ചിറയിൽ കല്ലറ ന്യൂ 6. ജിൻസി സ്റ്റീഫൻ നയനമരുതുംകൽ കരിങ്കുന്നം 7. മിനി സജി ചിറയ്ക്കൽ ചുങ്കം 8. ത്രേസ്യാമ്മ ജോമോൻ കുന്നപള്ളിൽ ചുങ്കം 9. സോന ജോസഫ് നിരപ്പേൽ അരീക്കര 10. റവ. സി. ലീസ എസ്.ജെ.സി ഏറ്റുമാനൂർ 11. ലിൻസി ജോസ് കൊറ്റനാൽ മാറിക 12. ഷിൻസി നിമ്മിച്ചൻ വടക്കുംചേരിൽ മ്രാല 13. ജെയിംസ് മാമ്പുഴക്കരയിൽ മാലക്കല്ല് 14. അൽഫോൻസ സൈമൺ തടത്തിൽ പാഴുത്തുരുത്ത് 15. മേരി ബെന്നി കടുവാപ്പാറ അട്ടപ്പാടി

**ഇ വിഭാഗം**

1-ാം സമ്മാനം ഡയ്സി ജോർജ് തച്ചേരിൽ കല്ലറ ന്യൂ - 95 മാർക്ക്

2-ാം സമ്മാനം റവ. സി. പ്രഭ എസ്.വി.എം കുറ്റൂർ - 94 മാർക്ക്

3-ാം സമ്മാനം ജോയി കുര്യൻ കുഴിയാപറമ്പിൽ കുറുമുള്ളൂർ - 93 മാർക്ക്

**4-ാം സമ്മാനം (ഏഴു പേർക്ക്)**

1. അന്നക്കുട്ടി റ്റോമി തയ്യിൽ കല്ലറ ന്യൂ 2. ലൂക്കാസ് വട്ടച്ചിറ കല്ലറ ന്യൂ 3. വൽസ ജോസ് മുളയിങ്കൽ അമനകര 4. ഡെയ്സി മാത്യു ഇൻഫന്റ് ഹൗസ് കുറുമുള്ളൂർ 5. ബേബി ജോസഫ് മന്നാകുളത്തിൽ കുറുമുള്ളൂർ 6. അന്നമ്മ അലക്സ് കുറുപ്പംപറമ്പിൽ കുമരകം 7. മേരി രാജു തോട്ടുങ്കൽ തിരുവനന്തപുരം

5-ാം സമ്മാനം (15 പേർക്ക്)

1. എൽസമ്മ എബ്രാഹം ആണ്ടൂർ നീണ്ടൂർ 2. മോളി ജോയി കളപ്പുരയിൽ കത്തീഡ്രൽ 3. സി. സിബീന എസ്.ജെ.സി ജനറലേറ്റ് 4. സി.സി. ജെയിംസ് ചേന്നാക്കുഴിയിൽ കരിങ്കുന്നം 5. എൽസമ്മ വട്ടച്ചിറ കല്ലറ ന്യൂ 6. അന്നമ്മ മാത്യു പുക്കറയിൽ കുറുമുള്ളൂർ 7. മോളി സൈമൺ ഒളശ്ശ 8. പുഷ്പ കുര്യൻ കാനംവയൽ 9. ആൻസ് എസ്തപ്പാൻ കരങ്ങാനതോട്ടം കുറുമുള്ളൂർ 10. മോളി ബേബി വല്ലർകാട്ടുതടത്തിൽ കുറുമുള്ളൂർ 11. ബാബു കാലായിൽ പാച്ചിറ 12. ലൈസമ്മ തോമസ് തെക്കേവെട്ടപറമ്പിൽ കോതനല്ലൂർ 13. റവ. സി. ലിയോ എസ്.ജെ.സി കാപ്പിസെറ്റ് 14. സി. പൗളിൻ എസ്.വി.എം ഇടയ്ക്കാട്ട് 15. ലീലാമ്മ ജോർജ് നെല്ലിത്താനത്ത് ചാമക്കാല

**എഫ് വിഭാഗം**

1-ാം സമ്മാനം  മേരി തോമസ് തോട്ടത്തിൽ നീണ്ടൂർ - 90 മാർക്ക്

2-ാം സമ്മാനം ലീലാമ്മ ജോർജ് മാളിയേക്കൽ നീണ്ടൂർ - 86 മാർക്ക്

3-ാം സമ്മാനം ചിന്നമ്മ ജേക്കബ് വൃന്ദാവനം കല്ലറ ന്യൂ - 85 മാർക്ക്

**4-ാം സമ്മാനം (ഏഴു പേർക്ക്)**

1. ചിന്നമ്മ ജേക്കബ് വൃന്ദാവനം കല്ലറ ന്യൂ 2. ഏലിക്കുട്ടി തോമസ് പുളിയമ്മനായിൽ ചമതച്ചാൽ 3. മോളി ജേക്കബ് പാറയ്ക്കൽ എസ്. എച്ച് മൗണ്ട് 4. ലീലാമ്മ സ്റ്റീഫൻ കർത്താനാൽ ഉഴവൂർ 5. റവ. സി. ലിറ്റി മരിയ എസ്.ജെ.സി പടമുഖം 6. സി. അക്ട്രാറ്റ കാരിത്താസ് 7. പി. സി. ജോസഫ് കണ്ണാമ്മനാൽ ഉഴവൂർ

**5-ാം സമ്മാനം (15 പേർക്ക്)**

1. ഏലിയാമ്മ മത്തായി കൊച്ചുകറത്തേടത്ത് കരിങ്കുന്നം 2. അന്നമ്മ മത്തായി ചുനയമാക്കിൽ കുറുപ്പന്തറ 3. കുര്യൻ കുന്നുംപുറത്ത് കല്ലറ പഴയത് 4. ജോസഫൈൻ കാരിത്താസ് 5. റ്റി.സി. ചാക്കോ അറയ്ക്കൽ അറുനൂറ്റിമംഗലം 6. ജോൺ എം.യു. കുമരകം 7. മാർഗ്ഗരീത്ത മാത്യു പാച്ചേരിൽ നീണ്ടൂർ 8. ഏലിയാമ്മ കുരുവിള പതിനാറുപറയിൽ നീണ്ടൂർ 9. തങ്കമ്മ മാത്യു മണ്ണൂത്തറ വെളിയനാട് 10. ചാക്കോ കോര കുടിലിൽ കല്ലറ പഴയത് 11. സി. മേരി എസ്.ജെ.സി നീണ്ടൂർ 12. ഏലിയാമ്മ സ്റ്റീഫൻ കിഴക്കേടത്ത് സംക്രാന്തി 13. റവ. സി. എൽസി റ്റോം എസ്.ജെ.സി ഒടയംചാൽ 14. മോളി ചാക്കോ പാരോട്ട് ചാമക്കാല 15. അന്നക്കുട്ടി കുര്യൻ കുഴിയാംപറമ്പിൽ കുറുമുള്ളൂർ

ഏറ്റവും കൂടുതൽ പേരെ രജിസ്റ്റർ ചെയ്ത ഇടവക : മാലക്കല്ല് 701

**ലോഗോസ് ക്വിസ് 2016**

പഠനഭാഗം: സംഖ്യ 11-21 അദ്ധ്യായങ്ങൾ, സുഭാഷിതങ്ങൾ 10-20 അദ്ധ്യായങ്ങൾ, യോഹന്നാൻ 13-21 അദ്ധ്യായങ്ങൾ, വെളിപാട് 1-3 അദ്ധ്യാങ്ങൾ

**ഫാ. ജോർജ് പുതുപ്പറമ്പിൽ**
ചെയർമാൻ, ബൈബിൾ കമ്മീഷൻ

# വിശ്വാസപരിശീലന കമ്മീഷൻ

ഒക്ടോബർ 11-ാം തീയതി സൺഡേസ്കൂൾ ക്ലാസ്സുകളിലെ പരീക്ഷയും ഒക്ടോബർ 18-ാം തീയതി മോറൽ സയൻസിന്റെയും റെഗുലർ സ്കൂൾ വിശ്വാസ പരിശീലനത്തിന്റെയും ഒന്നാം സെമസ്റ്റർ പരീക്ഷകളും നടത്തപ്പെട്ടു.

പത്താം ക്ലാസ്സിലെയും, H. C. C II ന്റേയും വാർഷിക പരീക്ഷയുടെ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് 2015 നവംബർ 8-ാം തീയതിക്ക് മുമ്പായി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ലോഗോ മത്സരം

കോട്ടയം അതിരൂപതയിൽ വിശ്വാസ പരിശീലനം നേടുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഒരു ലോഗോ മത്സരം ഡിസം

ബർ 20-ാം തീയതി ഞായറാഴ്ച അതാത് പള്ളികളിൽ നടത്തുന്നതാണ്.

**മത്സര നിബന്ധനകൾ**

1. സഭാപരമായിരിക്കണം. 2. ക്രിസ്തീയമായിരിക്കണം. 3. വിശ്വാസ പരിശീലനത്തോടു ബന്ധപ്പെട്ടതായിരിക്കണം.

മത്സരത്തിലൂടെ തിരഞ്ഞെടുക്കുന്ന ബെസ്റ്റ് ലോഗോ കാറ്റികിസം കമ്മീഷന്റെ ലോഗോയായി പരിഗണിക്കുന്നതാണ്.

**ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ**
വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ

# ഫാമിലി കമ്മീഷൻ

## വിവാഹ രജതജൂബിലി ആഘോഷിച്ച ദമ്പതികളുടെ സംഗമം സംഘടിപ്പിച്ചു

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ വിവാഹ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ഉൾപ്പെടുത്തി ദമ്പതി സംഗമം സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്ന സംഗമത്തിന്റെ ഉദ്ഘാടനം ജോസ് കെ മാണി എം.പിയും ഭാര്യ നിഷ ജോസും സംയുക്തമായി നിർവ്വഹിച്ചു. കോട്ടയം അതിരൂപതാ വികാരിജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, ചൈതന്യ കമ്മീഷൻ കോർഡിനേറ്റർ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ, ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ, പ്രൊഫ. ടി.സി.തങ്കച്ചൻ, ഫാമിലി കമ്മീഷൻ സെക്രട്ടറി ജോസ് പൂക്കുമ്പേൽ തുടങ്ങിയവർ പ്രസംഗിച്ചു. വിവാഹ രജതജൂബിലി സംഗമത്തോടനുബന്ധിച്ച് സെമിനാറും കൃതജ്ഞതാ ബലിയും നടത്തപ്പെട്ടു. ഷെവലിയാർ ജോയി ജോസഫ് കൊടിയന്തറ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി അഞ്ഞൂറോളം പേർ സംഗമത്തിൽ പങ്കെടുത്തു.

## സെപ്റ്റംബർ 8 പ്രാർത്ഥനാദിനം

നിലവിലുള്ള ഗർഭഛിദ്ര നിയമത്തിൽ (MTP Act) ദൂരവ്യാപക ഫല മുളവാക്കുന്ന ഭേദഗതികൾ വരുത്താൻ കേന്ദ്ര സർക്കാർ നടത്തുന്ന ഉദ്യ മങ്ങൾക്കെതിരെ അതിരൂപതിലെ എല്ലാ പള്ളികളിലും സെപ്റ്റംബർ 8 പ്രാർത്ഥനാ ദിനമായി ആചരിച്ചു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

കുടുംബങ്ങളിലെ സ്നേഹ ബന്ധത്തിന് ഭീഷണിയാകുന്ന പ്രശ്ന ങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി കമ്മീഷൻ അംഗങ്ങളുടെ സമ്മേളനം 2015 ഒക്ടോബർ മൂന്നാം തീയതി ചൈതന്യയിൽ ചെയർമാൻ ഫാ. ബ്രസ്സൻ ഒഴുങ്ങാലിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

## ഗൈനക്കോളജി ഡോക്ടർമാരുടെ സമ്മേളനം

സീറോ മലബാർ സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷയുടെ ഭാഗ മായി സംഘടിപ്പിക്കപ്പെട്ട ഗൈനക്കോളജി ഡോക്ടർമാരുടെ സമ്മേളന ത്തിൽ അതിരൂപതയിൽ നിന്നും രണ്ട് ഗൈനക്കോളജി ഡോക്ടർമാർ പങ്കെടുത്തു. ഷിഫ്രാ മീറ്റ് എന്ന പേരിൽ തുടർന്നും സമ്മേളിക്കുവാൻ തീരുമാനിച്ചു. കൂടാതെ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ നാല് മേഖലകളിലായി കത്തോലിക്ക ഗൈനക്കോളജിസ്റ്റുകളുടെ ഒരു കൂട്ടായ്മ രൂപപ്പെടുത്തുവാൻ തീരുമാനിച്ചു. വിവിധ വിഷയങ്ങളുടെ പഠനവും, ജീവ ശുശ്രൂഷയിൽ ഉറച്ച തീരുമാനങ്ങളും രൂപപ്പെടാൻ സമ്മേ ളനം സഹായകമായി.

## കുടുംബ - ദാമ്പത്യ കൗൺസിലിംഗ് ശുശ്രൂഷികളുടെ സംഗമം

ഒക്ടോബറിൽ നടക്കുന്ന കുടുംബ സിനഡിന് ഒരുക്കമായി നമ്മുടെ കുടുംബങ്ങളുടെ പ്രശ്ന മേഖലകൾ വിവേചിക്കാനായുള്ള ഒരു സമ്മേ ളനം 2015 ജൂലൈ 30 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്ത പ്പെട്ടു. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതയിൽ നിന്നും രണ്ട് പ്രതി നിധികൾ പങ്കെടുത്തു.

## സാമൂഹ്യക്ഷേമ- ജീവകാരുണ്യ പ്രവർത്തനങ്ങൾ

വിവാഹ രജതജൂബിലി സംഗമത്തിൽ നിന്നും സമാഹരിച്ച 16000 രൂപ സംഗമത്തിൽ പങ്കെടുത്ത പാവപ്പെട്ട ഒരു കുടുംബത്തിന് നൽകി.

## ലേഖന മത്സര വിജയികൾ

**അല്മായർ**

ഒന്നാം സമ്മാനം - ലിജി സിബി, തച്ചിരിക്കമാലിൽ (കിഴക്കേ നട്ടാശ്ശേരി)

രണ്ടാം സമ്മാനം - മെലിസ്സാ ജോസഫ്, ചക്കാലയിൽ (കൂടല്ലൂർ)

മൂന്നാം സമ്മാനം - ജെയിമോൾ റൂണി, ചെറുശ്ശേരിൽ (പേരൂർ)

**എ ഗ്രേഡ്**

1. തോമസ് ജോസഫ് ഒഴുകയിൽ (മറ്റക്കര)
2. മോളി മാത്യു കല്ലേൽ (വടക്കുമുറി)
3. മിനിമോൾ ടോമി, പൊന്നാക്കുഴിയിൽ (കുറുമുള്ളൂർ)
4. ബിജുമോൻ പി. കെ, പാണപിലാക്കൽ (സംക്രാന്തി)
5. ചിന്നമ്മ ജോൺ വാണിയംപറമ്പിൽ (വാകത്താനം)
6. അലക്സാണ്ടർ കുരുവിള മറ്റപ്പിള്ളിയിൽ (വടക്കുമുറി)
7. അഡ്വ. ജോസഫ് മാത്യു പഴേമ്പള്ളിൽ (ഏറ്റുമാനൂർ)
8. റ്റി. സി ലൂക്കാ തട്ടാർക്കുന്നേൽ (മാന്നാനം)
9. അഖില തോമസ് ഐക്കരമണലേൽ (ഒളശ്ശ)
10. ഷീജ ബിജു വട്ടകോട്ടയിൽ (പയ്യാവൂർ)
11. ജിന്റോ ജോസഫ് പള്ളിച്ചിറയിൽ (വെളിയനാട്)
12. ഡോമിനിക് സാവിയോ വാച്ചാചിറയിൽ (പാച്ചിറ)
13. എം. സി മത്തായി നാലുകോട്ടയിൽ (കരിപ്പാടം)
14. റ്റെൽമാ ജോൺ തയ്യിൽ പുത്തൻപുരയിൽ (മള്ളൂശ്ശേരി)
15. ലിജി ജോയി കളപ്പുരയ്ക്കൽ (പയ്യാവൂർ വലിയ പള്ളി)
16. മോളമ്മ തോമസ് പുത്തൻപുരയ്ക്കൽ (കല്ലറ)
17. ആലീസ് മാത്യു നിരപ്പിൽ (ഇടക്കോലി)
18. റ്റിസ്മി ജെസ്റ്റിൻ കുന്നശ്ശേരിയിൽ (ഇരവിമംഗലം)
19. വിനോയി പി. എൽ പണിക്കാപറമ്പിൽ (ചെറുകര)
20. റെജി തോമസ് കുന്നൂപറമ്പിൽ (മാഞ്ഞൂർ)

21. സണ്ണി വടക്കേപറമ്പിൽ (കരിപ്പാടം)
22. ലിസി ബാബു പുളിയംപള്ളി (പയ്യാവൂർ)
23. അലക്സാണ്ടർ പി. ഇ പടിഞ്ഞാറെകുറ്റ് (കരിപ്പാടം)
24. മനോജ് പുഴിക്കാലായിൽ (രാജപുരം)
25. കെ. ജെ. ജോസ് കൈപ്പാറേട്ട് (ഉഴവൂർ)
26. ബിനു റോയി മുതുകാട്ടിൽ (കാനംവയൽ)

**സമർപ്പിതർ**

ഒന്നാം സമ്മാനം – സി. ജെയ്മേരി SVM

രണ്ടാം സമ്മാനം – സി. സമീന SJC

മൂന്നാം സമ്മാനം – മിസ്. ചിന്നമ്മ പുഞ്ചുംമ്യാലിൽ (കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്)

**എ ഗ്രേഡ്**

1. സി. സ്റ്റെല്ലാ മാരിസ് SVM
2. സി. നീമ SVM
3. സി. അനക്സി SJC
4. സി. മത്യാസ് SVM
5. സി. ദിവ്യ SJC
6. മിസ്. നിഷ വി. ജോൺ (കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്)
7. സി. ലിന്റ SJC
8. സി. ആൻസോണി LDSJG
9. സി. ബ്ലെസ്സി SVM
10. സി. ജയ SVM
11. സി. റ്റിൻസി SVM
12. മിസ്. ഷീന മുട്ടത്തിൽ (കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്)
13. സി. മാത്യൂസ് SJC
14. സി. സോഫിയ SVM
15. സി. പ്രസന്ന SJC
16. സി. നീത SJC

**വിവാഹ ഒരുക്ക കോഴ്സ്**

നവംബർ 12, 13, 14

ഡിസംബർ 17, 18, 19

**റവ. ഡോ. ബ്രസ്സൻ ഒഴുങ്ങാലിൽ**
ചെയർമാൻ, ഫാമിലി കമ്മീഷൻ

# ലീജിയൻ ഓഫ് മേരി

കോട്ടയം: ലീജിയൻ ഓഫ് മേരിയുടെ പ്രാർത്ഥനായോഗം ഒക്ടോബർ 6-ാം തീയതി പ്രസിഡന്റ് സി. മോളി സൈമണിന്റെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി. ബഹു. ജോസ് കുറുപ്പന്തറ അച്ചന്റെ നേതൃത്വത്തിൽ ലീജിയൻ അംഗങ്ങളുടെ കൗദാശിക ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്തു. ഇനിയും ലീജിയൻ ഓഫ് മേരി സംഘടന ഇല്ലാത്ത ഇടവകകളിൽ അത് സ്ഥാപിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അടുത്ത യോഗം നവംബർ 3-ാം തീയതി നടത്തപ്പെടുന്നതാണ്.

**മോളി സൈമൺ കരിമ്പുംകാലായിൽ**
പ്രസിഡന്റ്

# ചെറുപുഷ്പ മിഷൻലീഗ്

## സീനിയർ ക്യാംപ് നടത്തി

ഒക്ടോബർ 22, 23, 24 തീയതികളിൽ ചെറുപുഷ്പമിഷൻ ലീഗിന്റെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സീനിയർ ക്യാംപ് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം ചൈതന്യ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ നിർവ്വഹിച്ചു. ദൈവവിളി, പരിസ്ഥിതി സംരക്ഷണം, സംഘടന, മാധ്യമ സ്വാധീനം കുട്ടികളിൽ, വ്യക്തിത്വ വികസനം, കൗൺസിലിംഗ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തി. ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന രൂപത ഡയറക്ടർ ഫാ. ജോബി പുച്ചൂ

കണ്ടത്തിൽ, ഫാ. ടോം വി. കളപ്പുരയ്ക്കൽ, ഫാ. ജേക്കബ് ചക്കാത്തറ, സിസ്റ്റർ ഷൈനി SVM, സിസ്റ്റർ നിഷ, ബിനോയി എം. സി, അജീഷ്, അരുൺ, ജസ്റ്റിൻ, അൻസോ, മെയ്ജോ, ശ്രുതി ജോൺ എന്നിവർ നേതൃത്വം നൽകി.

## അതിരൂപത മിഷൻ കലോത്സവം

എസ്.എച്ച് മൗണ്ട്: ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപത കലോത്സവം ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച എസ്. എച്ച് മൗണ്ട് സ്കൂളിൽ നടത്തി. മത്സരത്തിൽ അരീക്കര ഇടവക ഒന്നാം സ്ഥാനവും കരിങ്കുന്നം, നീറിക്കാട് ഇടവകകൾ രണ്ടാം സ്ഥാനവും പഴയ കല്ലറ, ചുങ്കം ഇടവകകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മേഖലാതലത്തിൽ ഉഴവൂർ മേഖല ഒന്നാം സ്ഥാനവും കൈപ്പുഴ മേഖല രണ്ടാം സ്ഥാനവും ചുങ്കം മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

നവംബർ 10-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് നടക്കുന്നതാണ്.

## സംസ്ഥാന കലാമത്സരം

നവംബർ 14-ാം തീയതി ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന കലാമത്സരം താമരശ്ശേരി രൂപതയിലെ പെരിന്തൽമണ്ണയിൽ വച്ച് നടക്കുന്നതാണ്.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

# കെ. സി. എസ്. എൽ.

## ശതാബ്ദി റാലി

കെ.സി.എസ്.എൽ സംഘടനയുടെ ശതാബ്ദി മഹാസംഗമറാലി ഒക്ടോബർ 2-ാം തീയതി വല്ലാർപാടം മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിലെ സ്കൂളുകളിൽ നിന്നും 150 ഓളം കുട്ടികൾ റാലിയിൽ പങ്കെടുത്തു.

## ശതാബ്ദി സാഹിത്യമത്സരം

കെ.സി.എസ്.എൽ ശതാബ്ദി സാഹിത്യമത്സരം ഒക്ടോബർ 20-ാം തീയതി വിവിധ സ്കൂളുകളിൽ വച്ച് നടത്തപ്പെട്ടു. വിവിധ മത്സരങ്ങളിൽ

ഒന്നാം സ്ഥാനം ലഭിച്ച കുട്ടികൾ 30-ാം തീയതി വെള്ളിയാഴ്ച്ച എറണാകുളം പി.ഒ.സി യിൽ വച്ച് നടത്തപ്പെട്ട സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തു.

## തിരുബാലസഖ്യം

തിരുബാലസഖ്യ സംഘടനയുടെ നേതൃത്വത്തിൽ നവംബർ 7, 8 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ദ്വിദിന ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. ക്യാമ്പ് ഫീസ് 200 രൂപ. ക്യാമ്പിൽ ഓരോ യൂണിറ്റിൽ നിന്നും 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്.

**ഫാ. ജിനു കാവിൽ**
ഡയറക്ടർ

# കെ. സി. വൈ. എൽ.

## ഐക്യം 2015 ആഗോള ക്നാനായ യുവജന സംഗമം

ഉഴവൂർ: ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ ആഗോള ക്നാനായ യുവജന സംഗമം 'ഐക്യം 2015' ഒക്ടോബർ 23, 24 തീയതികളിൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന ദൈവാലയ അങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷനായി രണ്ടായിരത്തോളം ക്നാനായ യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. വൈവിധ്യം നിറഞ്ഞ പരിപാടികളാൽ സമ്പന്നമായിരുന്നു പരിപാടി. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും ഒരു അനുഭവമായി മാറി. പരിപാടികൾ നടന്ന രണ്ടു ദിവസങ്ങളിലും അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. യുവജനങ്ങൾക്ക് ആത്മീയ അനുഭവമായി. ഫാ. ജോസഫ് പുത്തൻപുര, ഫാ. ജേക്കബ് കുറുപ്പിനകത്ത്, ജയിംസ് മൂലക്കാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. 24-ാം തീയതി 2.30 ന് നടന്ന സമാപനസമ്മേളനം കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കോട്ടയം, മലബാർ, മംഗലാപുരം, ബാംഗ്ലൂർ, ഡൽഹി, മുംബൈ, ഇറ്റലി, കുവൈറ്റ്

തുടങ്ങിയ വിവിധ റീജിയണുകളിലെ യുവജനങ്ങൾ പരിപാടിയിൽ പങ്കെടുക്കുകയും പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു. അതിരൂപതാ വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രബന്ധാവതരണത്തിൽ ഫാ. ബൈജു മുകളേൽ, ഫാ. ജേക്കബ് കുറുപ്പിനകത്ത്, ജെയിംസ് മൂലക്കാട്ട് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ ആദ്യാവസാനം പരിപാടിയിൽ പങ്കെടുത്തത് യുവജനങ്ങൾക്ക് ഒരു നവ്യാനുഭവമായിരുന്നു. കെ.സി.വൈ.എൽ അതിരൂപതാ ചാപ്ലയിൻ ഫാ. സൈമൺ പുല്ലാട്ട്, അതിരൂപതാ ഭാരവാഹികളായ ഷിനോ കുന്നപ്പള്ളിൽ, ദിനൂപ് മലയിൽ, ദീപു വടക്കേടത്ത്, ജിൻസ് പൂത്തറ, ബെൻസി വലിയപറമ്പിൽ, ഡോ. ഫ്രാൻസിസ് സിറിയക്, സി. സാങ്റ്റാ, തോമസ് മാത്യു എന്നിവർ നേതൃത്വം നല്കി.

**ദിനൂപ് പി. മലയിൽ**
ജനറൽ സെക്രട്ടറി

# കെ. സി. ഡബ്ല്യു. എ.

## വാർഷികാഘോഷങ്ങൾ നവംബർ 28 ന് ചൈതന്യയിൽ

കോട്ടയം: ക്നാനായ സമുദായാംഗങ്ങളായ വനിതകളുടെ സമഗ്ര ക്ഷേമത്തിനും കൂട്ടായ്മക്കും വേദിയാകുക എന്ന ലക്ഷ്യത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്നാനായ വിമൻസ് അസോസിയേഷന്റെ 44-ാമത് വാർഷിക ദിനാഘോഷങ്ങൾ നവംബർ 28-ാം തീയതി ശനിയാഴ്ച അതിരൂപത അജപാലന കേന്ദ്രമായ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. ഡെയ്സി ജോസ് പച്ചിക്കര അദ്ധ്യക്ഷത വഹിക്കും. അതിരൂപത വികാരി ജനറാളും KCWA ചാപ്ലയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തും. അന്നമ്മ

ജോൺ, പ്രൊഫ. ജോയി മുപ്രാപ്പള്ളിൽ, ഷിനോ തോമസ്, ജയ്സി ജേക്കബ് എന്നിവർ പ്രസംഗിക്കും. 'മൂല്യാധിഷ്ഠിത സമൂഹസൃഷ്ടിയിൽ വനിതകൾക്കുള്ള പങ്ക്' എന്ന വിഷയത്തിൽ ഫാ. ജേക്കബ് കുറുപ്പിന കത്ത് ക്ലാസ്സ് നയിക്കും. ചൈതന്യ കമ്മീഷൻസ് കോർഡിനേറ്റർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ സമാപന സന്ദേശം നൽകും. സമ്മേളനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെടും. വിവിധ ഫോറോനകളിൽ നിന്നായി ആയിരത്തോളം വനിതകൾ ദിനാഘോഷത്തിൽ പങ്കെടുക്കും.

**ബീനാ രാജു നീറിക്കാട്**
അതിരൂപതാ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ചൈതന്യ കാർഷിക മേള വാർത്തകൾ

## ചൈതന്യ കാർഷിക മേള നവംബർ 18 മുതൽ 22 വരെ

അമ്പത്തിആറായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ കുടുംബമഹോത്സവമായ ചൈതന്യകാർഷികമേള നവംബർ 18 മുതൽ 22 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് മഹോത്സവത്തോട് അനുബന്ധിച്ച് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ എന്നിവയും വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യവും മേളയെ ആകർഷണീയമാക്കും.

## ചൈതന്യ കാർഷികമേള വിളംബര സന്ദേശ യാത്ര

18-ാമത് ചൈതന്യ കാർഷികമേളയുടെ സന്ദേശം ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന കാർഷികമേള വിളംബര സന്ദേശ യാത്രയ്ക്ക് വിവിധ മേഖലകളിൽ സ്വീകരണം സംഘടിപ്പിക്കുന്നു. മുയലിന്റെ ആകൃതിയിലുള്ള പ്രചരണ വാഹനമാണ് കെ. എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയിരിക്കുന്നത്. പ്രചരണ വാഹനം കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് നവംബർ 16 ന് ചൈതന്യ കാർഷികമേളാങ്കണത്തിൽ എത്തിച്ചേരും.

## ചൈതന്യ ജീവകാരുണ്യ നിധി സമ്മാനക്കൂപ്പൺ നറുക്കെടുപ്പ് നവംബർ 22 ന്

മാറാരോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിത രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് കാർഷിക മേളയിലെ സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കാർഷിക മേളയുടെ സമാപനദിനമായ നവംബർ 22-ാം തീയതി ഞായറാഴ്ച രാത്രി 9 മണിക്കാണ് സമ്മാന കൂപ്പൺ നറുക്കെടുപ്പ് ക്രമീകരിച്ചിരിക്കുന്നത്.

## മേഖലാവിള പ്രദർശന മത്സരം

18-ാമത് ചൈതന്യ കാർഷികമേളയോടുമനുബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ 8 പ്രവർത്തന മേഖലകളിലുള്ള സംഘാംഗങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക ഉൽപന്നങ്ങളാണ് പ്രദർശനത്തിനായി ഒരുക്കുന്നത്. മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വിളകൾ ആകർഷകമായ രീതിയിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന മേഖലകൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകുന്നതാണ്. ജൈവവളം ഉപയോഗിച്ച് ഉല്പാദിപ്പിച്ച വിളകളുടെ പ്രദർശനവും വിപണനവും പ്രത്യേകം ക്രമീകരിക്കുന്നതാണ്.

## പൊതുവിള പ്രദർശന മത്സരം

കർഷകരേയും കാർഷിക മേഖലയെയും പ്രോത്സാഹിപ്പിക്കുന്നതിനായി 18-ാമത് മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, പാളയംകോടൻ വാഴക്കുല, മത്തങ്ങ എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഓരോ കാർഷിക ഇനത്തിനും ഒന്നാം സമ്മാനമായി 1000 രൂപയും രണ്ടാം സമ്മാനമായി 750 രൂപയും നൽകുന്നതാണ്.

## പക്ഷിമൃഗാദികളുടെ പ്രദർശനവും വില്പനയും

കാർഷികമേളയോടനുബന്ധിച്ച് പക്ഷി മൃഗാദികളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നു. നാടൻ കോഴികൾ, താറാവ്, മുയൽ, കാട, പേത്ത, എമു, കൾഗം, ആട്, നാടൻ പന്നിക്കുഞ്ഞുങ്ങൾ, ഗിനിപ്പന്നി, അലങ്കാരപ്പക്ഷികൾ, എന്നിവയാണ് പ്രദർശനത്തിനും വിപണനത്തിനുമായി ക്രമീകരിക്കുന്നത്.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ

കാർഷികമേളയോടനുബന്ധിച്ച് സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. 3070 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്ക് മേളയുടെ ദിനങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങൾക്ക് 2650/- രൂപ നിരക്കിലും മേളയിൽ പങ്കെടുക്കുന്ന പൊതുജനങ്ങൾക്ക് 2750/- രൂപ നിരക്കിലുമാണ് റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നത്.

## പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്ക്

വർദ്ധിച്ചുവരുന്ന ഭക്ഷ്യപ്രതിസന്ധിക്കും, വിലക്കയറ്റത്തിനും പരിഹാരമായി സ്വന്തം പുരയിടത്തിൽ പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്. എസ് കാർഷിക മേളയോടനുബന്ധിച്ച് വിവിധയിനം പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്കായി ഒരുക്കുന്നു. വിവിധയിനം പച്ചക്കറിയുടെ വിത്തുകളും തൈകളും ആയുർവേദ സസ്യങ്ങളും ചൈതന്യ കാർഷിക

നേഴ്സറിയിലെ ഇതര പുഷ്പ-ഫല വൃക്ഷാദികളുമാണ് മിതമായ നിരക്കിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കുക.

## ഉല്ലാസനഗരി - അമ്യൂസ്മെന്റ് പാർക്ക്

കാർഷികമേളയോടനുബന്ധിച്ച് ഏവർക്കും പ്രയഭേദമന്യേ ഒരുപോലെ ഉല്ലസിക്കുന്നതിനായി അമ്യൂസ്മെന്റ് പാർക്ക് ഒരുക്കുന്നു. ആകാശ ഊഞ്ഞാൽ, മാജിക് ട്രെയിൻ, ബ്രേക്ക് ഡാൻസ്, കുട്ടികൾക്കായുള്ള വിവിധ റൈഡുകൾ തുടങ്ങി നിരവധിയായ ഇനങ്ങൾ അമ്യൂസ്മെന്റ് പാർക്കിൽ ക്രമീകരിക്കുന്നതാണ്. പ്രത്യേക പാസ്സ് മൂലമായിരിക്കും ഒരോ റൈഡുകളിലും പ്രവേശനം നൽകുക. കാർഷിക മേളയുടെ നാലാം ദിവസമായ നവംബർ 21 ശനിയാഴ്ച കെ.എസ്.എസ്.എസ് സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികൾക്കും, അദ്ധ്യാപകരോടൊപ്പം കാർഷികമേള സന്ദർശിക്കാനായി സംഘമായി എത്തുന്ന സ്കൂൾ കുട്ടികൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രത്യേക ഡിസ്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

## പൗരാണിക വിഭവങ്ങളുമായി കെ.എസ്.എസ്.എസ് സ്റ്റാളുകൾ

മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവർക്ക് പൗരാണിക വിഭവങ്ങളടങ്ങിയ വിവിധ സ്റ്റാളുകൾ കെ.എസ്.എസ്.എസ് ഒരുക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ സ്റ്റാളുകൾ, പൗരാണിക തനിമ വിളിച്ചോതുന്ന പൗരാണിക ഭോജന ശാല, പലഹാരക്കടകൾ, സുഗന്ധവ്യഞ്ജന ശാല, പൗരാണിക ദാഹശമനി സ്റ്റാളുകൾ, കഞ്ഞിക്കട, നാടൻ തട്ടുകട, കൂൺ വിഭവങ്ങൾ തുടങ്ങിയവയാണ് കെ.എസ്.എസ്.എസ് സ്റ്റാളുകളിൽ ക്രമീകരിക്കുന്നത്.

## ഗ്രാമലക്ഷ്മി മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക്

കാർഷികമേളയോടനുബന്ധിച്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. 60 ദിവസം പ്രായമുള്ള ഗ്രാമലക്ഷ്മി ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെയാണ് ലഭ്യമാക്കുന്നത്. പൊതുജനങ്ങൾക്ക് ഒരു ജോഡിക്ക് 250 രൂപാ നിരക്കിലും കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്ക് 200 രൂപാ നിരക്കിലായിരിക്കും മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നത്.

## കർഷക സംഗമം

മേളയുടെ സമാപന ദിവസമായ നവംബർ 22-ാം തീയതി ഞായറാഴ്ച കർഷക സംഗമദിനമായി സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ കീഴിലുള്ള മുഴുവൻ പുരുഷ സ്വാശ്രയ സംഘാംഗങ്ങളേയും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളെയും നാളികേര ഉത്പാദന സംഘാംഗ ങ്ങളെയും മറ്റ് ഇതര കർഷക-പരിസ്ഥിതി പ്രവർത്തകരേയും ഉൾക്കൊ ള്ളിച്ചുകൊണ്ടാണ് കർഷകസംഗമം സംഘടിപ്പിക്കുന്നത്. ഞായറാഴ്ച രാവിലെ 10 മുതൽ നടത്തപ്പെടുന്ന സംഗമത്തിൽ എല്ലാ പുരുഷ സ്വാശ്രയ സംഘാംഗങ്ങളും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളും ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി രൂപം നൽകിയിരിക്കുന്ന നീർത്തട വികസന കമ്മിറ്റിയിലെ അംഗങ്ങളും, നാളികേര ഉത്പാദക സംഘത്തിലെ അംഗങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. കർഷക സംഗമത്തോടനുബന്ധിച്ച് കാർഷിക പ്രശ്നോത്തരി, പുരുഷ സ്വാശ്രയ സംഘ കലാപരിപാടികൾ, കാർഷിക മത്സരങ്ങൾ എന്നിവ നടത്തപ്പെടും.

## കേന്ദ്രതല മത്സരങ്ങൾ

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് വിവിധങ്ങളായ കേന്ദ്രതല മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മേളയിലെ കലാ-കാർഷിക മത്സരങ്ങ ളിലെ മികവാർന്ന പ്രകടനത്തെ ആസ്പദമാക്കി കാർഷിക മേള ചാമ്പ്യൻഷിപ്പ്, ഏറ്റവും കൂടുതൽ ചൈതന്യ ജീവകാരുണ്യനിധി വിഭവ സമാഹരണം നടത്തുന്ന ഗ്രാമം, മേഖല, സി.ബി.ആർ അനിമേറ്റർ, മികച്ച സി.ബി.ആർ യുവസംരംഭകൻ, മികച്ച മേഖലാവിള പ്രദർശനം, മികച്ച വരുമാന പദ്ധതി നടപ്പിലാക്കുന്ന എഫ്.ഡി.പി കുടുംബം, മികച്ച ഗ്രാമ വികസന സമിതി, ഹരിത ഇടവക, എന്നീ ഇനങ്ങളിലാണ് കേന്ദ്രതല മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. വിജയികളാകുന്നവർക്ക് കാർഷിക മേളയിൽ എവർ റോളിംഗ് ട്രോഫിയും ആകർഷക സമ്മാനങ്ങളും നൽകുന്നതാണ്.

## തിമിര നിർണ്ണയ ക്യാമ്പ്

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് സൗജന്യ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ നടപ്പിലാക്കി വരുന്ന തിമിര നിർണ്ണയ ക്യാമ്പിന്റെ തുടർച്ചയായിട്ടാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. പരിശോധനയിലൂടെ തിമിരം നിർണ്ണയിക്കുന്നവർക്ക് സൗജന്യ തിമിര ശസ്ത്രക്രിയ ചെയ്യുന്നതിനും അവസരമൊരുക്കുന്നതാണ്.

## നവോമി, സീനിയർ, കുടുംബശാക്തീകരണ പദ്ധതി പങ്കാളികൾ, സ്മാർട്ട്, പുരുഷ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമം

18-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് നവംബർ 18-ാം തീയതി ബുധനാഴ്ച സേവ് എ ഫാമിലി പ്ലാൻ കുടുംബശാക്തീകരണ പദ്ധതി പങ്കാളികളുടെയും നവംബർ 19-ാം തീയതി വ്യാഴാഴ്ച സീനിയർ ഗ്രൂപ്പംഗങ്ങളുടെയും 20-ാം തീയതി വെള്ളിയാഴ്ച നവോമി സ്വാശ്രയസംഘാംഗങ്ങളുടെയും 21-ാം തീയതി ശനിയാഴ്ച സ്മാർട്ട് ഗ്രൂപ്പ് അംഗങ്ങളുടെയും 22-ാം തീയതി ഞായറാഴ്ച പുരുഷ സ്വാശ്രയ സംഘാംഗങ്ങളുടെയും, ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെയും, ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി രൂപം നൽകിയിരിക്കുന്ന നീർത്തട വികസന കമ്മിറ്റിയിലെ അംഗങ്ങളുടെയും, നാളികേര ഉത്പാദക സംഘത്തിലെ അംഗങ്ങളുടെയും സംഗമം സംഘടിപ്പിക്കുന്നു.

## ജമുനാപ്യാരി ആടുകളുടെ പ്രദർശനവും വിപണനവും

18-ാമത് ചൈതന്യ കാർഷിക മേളയിൽ ജമുനാപ്യാരി ആടുകളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നു. ഭാരതത്തിൽ ലഭ്യമായതിൽ വച്ച് ഏറ്റവും വലുപ്പമുള്ളതും കൂടുതൽ പാൽ ലഭിക്കുന്നതുമായ ജമുനാപ്യാരി ആടുകളുടെ പ്രദർശനം മേളയുടെ എല്ലാ ദിനങ്ങളിലും ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ നവോമി ജനകീയ ആടുവളർത്തൽ പദ്ധതിയുടെ ഭാഗമായി നാടൻ ഇനത്തിൽപ്പെട്ട ആടുകളുടെയും പ്രദർശനവും വിപണനവും മേളയുടെ ദിനങ്ങളിൽ സ്വാശ്രയസംഘാംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി ക്രമീകരിച്ചിട്ടുണ്ട്.

## വൃക്ക രോഗനിർണ്ണയ ക്യാമ്പ്

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് കെ.എസ്.എസ്.എസ് കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ സുരക്ഷ കേരളം പദ്ധതി യുമായി സഹകരിച്ച് വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. മേളയുടെ ദിനങ്ങളായ നവംബർ 19-ാം തീയതി വ്യാഴാഴ്ചയും 22-ാം തീയതി ഞായറാഴ്ചയുമാണ് ക്യാമ്പ് നടത്തപ്പെടുക.

## കേന്ദ്രതല ഫെഡറേഷൻ മീറ്റിംഗ് നവംബർ 6 ന്

18-ാമത് ചൈതന്യ കാർഷിക മേളയ്ക്ക് മുന്നോടിയായി കേന്ദ്രതല ഫെഡറേഷൻ ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിക്കുന്നു. കാർഷിക മേളയുടെ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും കാര്യക്ഷമമായ നടത്തിപ്പ് വിഭാവനം ചെയ്യുന്നതിനുമായി നവംബർ 6-ാം തീയതി വെള്ളി യാഴ്ച ഉച്ചകഴിഞ്ഞ് 2 ന് ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് ആലോച നായോഗം സംഘടിപ്പിക്കുന്നത്.

## ചക്കമഹോത്സവം

കാർഷികമേളയോടനുബന്ധിച്ച് ചക്കമഹോത്സവം സംഘടിപ്പിക്കുന്നു. വിവിധ തരം ചക്കകളുടെയും പ്ലാവിൻ തൈകളുടെയും പ്രദർശനവും വിപണനവും ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പ്രോസസ്സിംഗ് ചെയ്ത് പായ്ക്ക് ചെയ്ത ചക്കയും ചക്കയുടെ വിവിധ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളും പ്രദർശനത്തിനും വിപണനത്തിനുമായി ക്രമീകരിക്കും.

## കോഴിപ്പൂവൻ പ്രദർശന മത്സരം

കാർഷികമേളയോടനുബന്ധിച്ച് കോഴിപ്പൂവൻ പ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ഓരോ മേഖലയിൽ നിന്നും മികച്ച ഒരു കോഴിപ്പൂവ നെയാണ് പ്രദർശനത്തിനായി ക്രമീകരിക്കേണ്ടത്. നവംബർ 17-ാം തീയതി ചൊവ്വാഴ്ച പ്രദർശനത്തിനായുള്ള കോഴിപ്പൂവനെ അതാത് മേഖ ലയുടെ ഉത്തരവാദിത്വത്തിൽ ചൈതന്യയിൽ എത്തിക്കേണ്ടതാണ്. മേള യുടെ ദിനങ്ങളിൽ കോഴിപ്പൂവൻ ലേലവും ഉണ്ടായിരിക്കുന്നതാണ്.

## കാർഷിക വിളകളുടെ ലേലം നവംബർ 23 ന്

ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളുടെ നേതൃത്വത്തിൽ ക്രമീകരിച്ചിരിക്കുന്ന വിള പ്രദർശന പവിലിയനിലെ കാർഷിക വിളകൾ ലേലം ചെയ്ത് ആവശ്യകാർക്ക് ലഭ്യമാക്കുന്നു. നവംബർ 23-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 ന് ആയിരിക്കും കാർഷിക വിളകളുടെ ലേലം ആരംഭിക്കുക.

## വികലാംഗദിനാഘോഷം - സർഗ്ഗസംഗമം 2015

18-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പരിപാടികളോടെ സംസ്ഥാനതല വികലാംഗദിനാഘോഷം 'സർഗ്ഗസംഗമം' എന്ന പേരിൽ മേളയുടെ ഒന്നാം ദിനമായ നവംബർ 18-ാം തീയതി ബുധനാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ളവർക്കായി ചിത്രരചന മത്സരം, ക്ലേ മോഡലിംഗ്, അസംസ്കൃത വസ്തുക്കൾ, വസ്തുക്കളുടെ നിർമ്മാണം, മുരിങ്ങക്കോൽ ചിരണ്ടൽ, ചകിരിച്ചോർ വേർതിരിക്കൽ, പയർ പൊളിക്കൽ കാഴ്ച വൈകല്യമുള്ളവർക്ക്, ബിന്ദി ഡിസൈനിംഗ്, കുപ്പിയിൽ വെള്ളം , ബാന്റ് സെറ്റ് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കും.

## സ്വാശ്രയസംഘ കാർഷിക-കലാ മത്സരങ്ങൾ

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് സ്വാശ്രയ സംഘാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കാർഷിക-കലാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പുതുതലമുറയ്ക്ക് പഴയകാല കാർഷികരീതികളും അനുഭവങ്ങളും പകർന്നു നൽകുന്നതോടൊപ്പം സ്വാശ്രയസംഘാംഗങ്ങളുടെ കലാപരമായ കഴിവുകളെ പൊതുസമൂഹത്തിന് മുൻപിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർഷിക-കലാ മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. മുളക് പൂക്കളം, ഞവരിയടി, ഞാറ് നടീൽ, ഉമ്മിക്കരി നിർമ്മാണം, വടത്തിൽ ഓട്ടം, ചൂണ്ടിയിടീൽ, വിറക് കീറൽ, അലക്ക് മത്സരം, വരമ്പ് നിർമ്മാണം, ഭാരം ചുമക്കൽ, വിത്ത് വിതയ്ക്കൽ, കാർഷിക വസ്ത്രാലങ്കാരം, കാർഷിക

പ്രശ്നോത്തരി, ചക്കവെട്ട് സ്വാശ്രയ ദമ്പതികൾ, കോക്കനട്ട് ഒളിമ്പിക്സ് എന്നീ കാർഷിക മത്സരങ്ങളും നയി പുരാനി, നാടക ഗാന ദൃശ്യാവിഷ്ക്കാരം, ലുങ്കി ഡാൻസ്, ഡാൻസ് ഹംങ്കാമാ, ദാവണിസാരി സുന്ദരി, കുർത്താവാല, പാപ്പി അപ്പച്ചാ, റിയാലിറ്റി ഷോ, പരിസ്ഥിതി സൗഹാർദ്ദ ആഭരണ നിർമ്മാണം, കല്യാണത്തലേന്ന് തീമാറ്റിക് ഡാൻസ് എന്നീ കലാമത്സരങ്ങളുമാണ് സംഘടിപ്പിക്കുന്നത്.

# കെ.എസ്.എസ്.എസ് പോയ വാരങ്ങളിൽ

## വയോജന ദിനാഘോഷം സംഘടിപ്പിച്ചു

അന്താരാഷ്ട്ര വയോജനദിനത്തോടനുബന്ധിച്ച് പൗരാണിക തനിമ ഉണർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വയോജന ദിനാഘോഷം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാഘോഷത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പോലീസ് മേധാവി സതീഷ് ബിനോ ഐ.പി.എസ് നിർവ്വഹിച്ചു. ചടങ്ങിൽ കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സാമൂഹ്യ പ്രവർത്തന മേഖലയിൽ 50 വർഷത്തെ സേവനം പൂർത്തിയാക്കിയ നവജീവൻ ട്രസ്റ്റ് സാരഥി പി.യു. തോമസിനെ ആദരിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാ സുജാതൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ ജോർജ്ജ്, കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയസംഘ കേന്ദ്രതല ഫെഡറേഷൻ സെക്രട്ടറി പി.എ. അബ്രഹാം, കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയ സംഘ പ്രതിനിധികളായ കെ.സി ജോൺ, അച്ചാമ്മ ജോൺ, പ്രോഗ്രാം ഓഫീസർ സിസ്റ്റർ പ്രീതി എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു.

ദിനാചരണത്തോടനുബന്ധിച്ച് വയോജന ദിന റാലിയും പൗരാണിക മത്സരങ്ങളായ മുറം മെഴുകൽ, തിരിക നിർമ്മാണം എന്നിവയും നടത്തപ്പെട്ടു. 'വയോജനങ്ങൾ ഇന്നത്തെ സമൂഹത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് ഫാ. ബിബി തറയിൽ

നേതൃത്വം നൽകി. ദിനാചരണത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയസംഘാംഗങ്ങൾ അണിയിച്ചൊരുക്കിയ സ്റ്റേജ് ഷോ 'വയോജക് 2015' നടത്തപ്പെട്ടു. ആയിരത്തോളം വയോജനങ്ങൾ ദിനാചരണത്തിൽ പങ്കെടുത്തു.

## കാർഷികമേള വിളംബരയാത്രയ്ക്ക് ഗ്രാമങ്ങളിൽ ഊഷ്മള സ്വീകരണം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 18-ാമത് ചൈതന്യ കാർഷികമേളയ്ക്ക് മുന്നോടിയായി സംഘടിപ്പിച്ചിരിക്കുന്ന വിളംബര സന്ദേശ യാത്രയ്ക്ക് അരീക്കരയിലും പെരുവയിലും പാലായിലും വർണ്ണോഷ്മളമായ സ്വീകരണം സംഘടിപ്പിച്ചു. അരീക്കര ജംഗ്ഷനിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. അരീക്കര ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് നെടുങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് ഉഴവൂർ മേഖല ഡയറക്ടർ ഫാ. സണ്ണി വേങ്ങച്ചേരിൽ, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, വെളിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലില്ലി ജോസഫ്, സൗഹൃദവേദി അരീക്കര യൂണിറ്റ് സെക്രട്ടറി ജോൺ മാത്യു, കെ.എസ്.എസ്.എസ് വനിതാ സ്വാശ്രയസംഘ പ്രതിനിധി ഡെയ്സി ജോസഫ് എന്നിവർ പ്രസംഗിച്ചു. സ്വീകരണ സമ്മേളനത്തിൽ നാനൂറോളം പേർ പങ്കെടുത്തു.

പെരുവയിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. അറുനൂറ്റിമംഗലം ഗ്രാമവികസന സമിതി പ്രസിഡന്റ് അഡ്വ. ഫാ. ജോസഫ് കീഴങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. വെള്ളൂർ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് കെ. വിജയൻ സന്ദേശയാത്ര ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് കടുത്തുരുത്തി സൗഹൃദവേദി പ്രസിഡന്റ് എൻ.ബി. സെബാസ്റ്റ്യൻ, മേഖല വനിത ഫെഡറേഷൻ മല്ലിക കുഞ്ഞുമോൻ, കെ.എസ്.എസ്.എസ് സ്റ്റാഫ് അംഗങ്ങളായ മേഴ്സി സ്റ്റീഫൻ, നീതു രാമകൃഷ്ണൻ

എന്നിവർ പ്രസംഗിച്ചു. ജീവകാരുണ്യനിധി ചികിത്സാ സഹായ വിതരണവും നടത്തപ്പെട്ടു. സ്വീകരണ സമ്മേളനത്തിൽ നാനൂറ്റിയമ്പതോളം പേർ പങ്കെടുത്തു.

പാലായിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിന്റെ ഉദ്ഘാടനം പാലാ മുനിസിപ്പൽ കൗൺസിലർ തോമസ് പീറ്റർ നിർവ്വഹിച്ചു. പാല മുനിസിപ്പൽ കൗൺസിലർ ലീന സണ്ണി ചെറുകര ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഏബ്രഹാം തറത്തട്ടേൽ, കെ. എസ്. എസ്. എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, സൗഹൃദവേദി മേഖല പ്രസിഡന്റ് ജോൺ മാവേലിൽ എന്നിവർ പ്രസംഗിച്ചു. 225 അംഗങ്ങൾ പങ്കെടുത്തു. സ്വീകരണ സമ്മേളനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു.

## എസ്. എ. എഫ്. പി കുടുംബശാക്തീകണ പദ്ധതി മേഖല സംഗമങ്ങൾ പൂർത്തിയായി

കെ.എസ്.എസ്.എസ് സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബ ശാക്തീകരണ പദ്ധതിയിലെ പങ്കാളികൾക്കായുള്ള 2015-16 ലെ മേഖലാ സംഗമങ്ങൾ പൂർത്തിയായി. കൈപ്പുഴ മേഖലാ സംഗമം ഒക്ടോബർ 20 ന് ചൈതന്യയിലും, കിടങ്ങൂർ മേഖലാ സംഗമം ഒക്ടോബർ 22 സമരിറ്റൻ റിസോഴ്സ് സെന്ററിലും ഇടയ്ക്കാട്ട് മേഖലാ സംഗമം ഒക്ടോബർ 24 ന് ചൈതന്യയിലുമാണ് സംഘടിപ്പിച്ചത് സംഗമത്തിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് ചൈതന്യ പാസ്റ്ററൽ സെന്റർ അസി. ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. സംഗമത്തിന് പ്രോജക്ട് കോർഡിനേറ്റർ ജിൻസ് എൻ. ജോസഫ് നേതൃത്വം നൽകി. സംഗമത്തോടനുബന്ധിച്ച് കുടുംബ മൂല്യങ്ങൾ എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ന്യൂറോളജിക്കൽ മെഡി

ക്കൽ ക്യാമ്പ് ഒക്ടോബർ 18–ാം തീയതി ചൈതന്യയിൽ സംഘടിപ്പിച്ചു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകി. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, പെയിന്റിംഗ് പരിശീലനം, സൗജന്യ മരുന്ന് വിതരണം എന്നിവ നടത്തപ്പെട്ടു. 53 പേർ ക്യാമ്പിൽ പങ്കെടുത്തു.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി പൂർത്തിയായി

കേരള ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഴ കേന്ദ്രത്തിന്റെ സഹകരണത്തോടെ വെസ്റ്റ് ഏളേരി പഞ്ചായത്തിൽ ആരംഭിച്ച മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി പൂർത്തിയായി. 10000 ലിറ്റർ സംഭരണശേഷിയുള്ള 200 മഴവെള്ള സംഭരണികളുടെ നിർമ്മാണമാണ് പൂർത്തീക്കരിച്ചത്. കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന പ്രസ്ഥാനമായ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ഭീമനടി വ്യാപാരഭവനിൽ വച്ചു നടന്ന പൊതുസമ്മേളനത്തിൽ മഴവെള്ള സംഭരണികളുടെ ഉദ്ഘാടനം വെസ്റ്റ് ഏളേശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ വർക്കി നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജാനു എം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർമാരായ ജോയി ജോസഫ്, രശ്മി ഭാസ്കരൻ, ഗിരിജ വിജയൻ, ടി.ബി. രാജീവൻ, അന്നമ്മ ജോസഫ്, അന്നമ്മ കുര്യാക്കോസ്, മഴ കേന്ദ്രം പ്രൊജക്ട് കോർഡിനേറ്റർ ലില്ലി സഹദേവൻ, പഞ്ചായത്ത് സെക്രട്ടറി ദാമോദരൻ സി എന്നിവർ പ്രസംഗിച്ചു.

## മാസ്സ് വയോജനദിനം ആചരിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോകവയോജന ദിന ആഘോഷങ്ങളുടെ ഭാഗമായി സീനിയർ സംഗമവും മെഡിക്കൽ

ക്യാമ്പും സംഘടിപ്പിച്ചു. കൊട്ടോടി മാസ്സ് ട്രെയിനിംങ്ങ് സെന്ററിൽ നടന്ന സീനിയർ സംഗമം കൊട്ടോടി സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രൻസിപ്പൽ ഫാ. ഷാജി മുകളേൽ ഉദ്ഘാടനം ചെയ്തു. കള്ളാർ ഗ്രാമ പഞ്ചായത്ത് വാർഡ് മെംമ്പർ പി. അബ്ദുള്ള ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. സാമൂഹ്യ പ്രവർത്തകനായ ഫാ. ജോൺസൺ കാഞ്ഞിരക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. മാസ്സ് പ്രോജക്ട് കോർഡിനേറ്റർ സി. സ്നേഹ എസ്.ജെ.സി ആശംസ പ്രസംഗം നടത്തി. ഫാ. ഷാജി മുകളേൽ വൃദ്ധ ജനങ്ങൾക്ക് സമ്മാനങ്ങൾ നല്കി ആദരിച്ചു. തുടർന്ന് നടന്ന മെഡിക്കൽ ക്യാമ്പിൽ പൂടംകല്ല് ഗവൺമെന്റ് ഹോസ്പിറ്റലിൽ നിന്നും ഡോ. പ്രവിൺ കുമാർ എസ്, സ്റ്റെല്ല ലൂക്കോസ് എന്നിവരുടെ നേതൃത്വത്തിൽ വൈദ്യപരിശോധനയും മരുന്നു വിതരണവും നടന്നു. മാസ്സ് സ്റ്റാഫ് അംഗങ്ങളായ ആൻസി ജോസഫ്, ലാലി സണ്ണി, മനു അലക്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ജീവിതശൈലി രോഗങ്ങളെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി പുളിഞ്ഞാൽ ക്രിസ്തു രാജ പാരിഷ് ഹാ ിൽ വച്ച് ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. പുളിഞ്ഞാൽ പള്ളി വികാരി ഫാ. ജോഷി വലിയവീട്ടിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. അഡ്വ. സജിത ആർ.എം മാനന്തവാടി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ബിന്ദു സുരേഷ് സെമിനാർ നയിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി, ആനിമേറ്റർ ഷാന്റി സജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി പന്ന്യാൽ സെന്റ് ജൂഡ് പള്ളി, പാരീഷ് ഹാളിൽ വെച്ച് ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ, പന്ന്യാൽ ഫെഡറേഷൻ പ്രസിഡന്റ് ഡെയ്സി ലൂക്കാ കുറ്റിക്കൽ ഉദ്ഘാടനം ചെയ്തു. സി. സ്നേഹ എസ്.ജെ.സി അദ്ധ്യക്ഷയായിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീനിവാസൻ ക്ലാസ് എടുത്തു. മേഖല

കോഡിനേറ്റർ റെനി സിബി, ആനിമേറ്റർ റ്റെസി ജോയി എന്നിവർ നേതൃത്വം നല്കി.

## ശൗചാലയങ്ങൾ നിർമ്മിച്ചു നൽകുന്നു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, നബാർഡിന്റെ ധനസഹായത്തോടു കൂടി, ട്രൈബൽ വികസന പദ്ധതിയുടെ ഭാഗമായി പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസികൾക്ക് ടോയിലറ്റുകൾ സൗജന്യമായി നിർമ്മിച്ചുകൊടുക്കുന്നു.

## തെങ്ങുകയറ്റ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരം രാജപുരം, മടമ്പം ഫൊറോനകളിൽ തെങ്ങുകയറ്റ പരിശീലനം ആരംഭിക്കുന്നു. ആറു ദിവസം നീണ്ടുനിൽക്കുന്ന ക്ലാസുകൾക്കും, പരിശീലനത്തിനും ശേഷം ഗവൺമെന്റ് സർട്ടിഫിക്കറ്റുകളും തെങ്ങുകയറ്റ മിഷ്യനുകളും സൗജന്യമായി നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ആനിമേറ്റേഴ്സുമായി ബന്ധപ്പെടുക.

## കർഷക ഉദ്പാദക സംഘടന ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മടമ്പം, രാജപുരം, പെരിക്കല്ലൂർ ഫൊറോനകളിൽ പാൽ ഉൽപാദകരുടെ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ആരംഭിച്ചു. മടമ്പം ഫൊറോനയിൽ അലക്സ് നഗറിലും, രാജപുരം ഫൊറോനയിൽ ചുള്ളിക്കരയിലും, പെരിക്കല്ലൂർ ഫൊറോനയിൽ പെരിക്കല്ലൂരിലുമാണ് കർഷക ഉത്പാദക സംഘടന ആരംഭിച്ചത്. പതിനൊന്നു പേർ അടങ്ങുന്ന ഡയറക്ടർ ബോർഡ് അംഗങ്ങളെ F.P.O. (Farmers Producer Organisation) സെന്ററൽ ബോഡിൽനിന്നും തിരഞ്ഞെടുക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങളും പഠന യാത്രകളും സംഘടിപ്പിക്കുകയും ചെയ്തു. F.P.O. കമ്പനി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതായി മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ അറിയിച്ചു. F.P.O. പ്രവർത്തനങ്ങൾക്ക് മാസ്സ് അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയ്ക്കൽ നേതൃത്വം നൽകുന്നു.

## മാസ്സ് ന്യൂനപക്ഷ ക്ഷേമ പദ്ധതി ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി കാസർഗോഡ് ജില്ലയിലെ ന്യൂനപക്ഷ വനിതകൾക്കുവേണ്ടി നേതൃത്വ പരിശീലന പരിപാടികൾ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി 6 ദിവസം നീണ്ടുനിൽക്കുന്ന ബോധ വൽക്കരണ ക്ലാസുകൾ നടന്നുകൊണ്ടിരിക്കുന്നു. നേതൃത്വ പരിശീലനം, വിദ്യയിലൂടെ ശാക്തീകരണം, ആരോഗ്യവും ശുചിത്വവും, സമുചിത ഭാര തം, സാമ്പത്തിക വ്യവസ്ഥ, ജീവിത വൈധവ്യം നിയമപരമായി അവ കാശങ്ങൾ, കംപ്യൂട്ടർ സാക്ഷരത, Advocacy തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകളാണ് നടന്നു കൊണ്ടിരിക്കുന്നത്. ദിവസം 150/- രൂപ വീതം പങ്കെടുക്കുന്നവർക്ക് സ്റ്റൈഫന്റും നല്കുന്നു.

## ലീഗൽ ബോധവൽക്കരണ സെമിനാർ

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാശ്രയ സംഘാംഗ ങ്ങൾക്കു വേണ്ടി ചമതച്ചാൽ സെന്റ് സ്റ്റീഫൻ പാരിഷ് ഹാളിൽ വെച്ച് നിയമ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമി നാർ മാസ്സ് പ്രൊജക്ട് കോഡിനേറ്റർ സി. സ്നേഹ എസ്.ജെ.സി ഉദ്ഘാ ടനം ചെയ്തു. അഡ്വ. രേഖ അഭിലാഷ് സെമിനാർ നയിച്ചു. മാസ്സ് മേഖല കോഡിനേറ്റർ റെനി സിബി, ആനിമേറ്റർ ചിന്നമ്മ സൈമൺ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## മുട്ടകോഴികൾ വിതരണം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യ യുടെ ധനസഹായത്തോടെ വയനാട് ജില്ലയിലെ തൊണ്ടനാട്, വെള്ള മുണ്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഫാം പ്രൊജക്ടിന്റെ ഭാഗ മായി ഭിന്നശേഷിയുള്ള കുട്ടികളുടെ കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി മുട്ട കോഴികൾ വിതരണം ചെയ്തു. പ്രസ്തുത പരിപാടി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയ റക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. തൊണ്ടനാട് ഗ്രാമപഞ്ചായത്ത് മെമ്പർ ഗ്രേസി മത്തായി അദ്ധ്യക്ഷത വഹിച്ചു. സംരംഭകത്വ വികസന സെമിനാർ ജെയിനമ്മ എബ്രാഹം

നേതൃത്വം നൽകി. തൊണ്ടനാട്, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 കുടുംബങ്ങൾക്ക് 10 മുട്ട കോഴികൾ അടങ്ങുന്ന 50 യൂണിറ്റുകളാണ് വിതരണം ചെയ്തത്.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## അനിമേറ്റേഴ്സ് മീറ്റിംഗ്

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ 9 ഗ്രാമങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രാമതല അനിമേറ്റേഴ്സിന്റെ യോഗം ഒക്ടോബർ 9 വെള്ളിയാഴ്ച തടിയമ്പാട് മരിയ സദൻ അനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. ജി.ഡി.എസ്. സെക്രട്ടറി ഫാ. ജെയിംസ് വടക്കേക്കണ്ടംകരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളും പ്രവർത്തന സാധ്യതകളും വിലയിരുത്തി. പ്രൊജക്ട് ഓഫീസർ സിറിയക് ജോസഫ് ചർച്ചകൾക്ക് നേതൃത്വം നൽകി. അനിമേറ്റേഴ്സിനായുള്ള അടുത്ത മീറ്റിംഗ് നവംബർ 10 ന് നടത്തപ്പെടും.

## പ്ലാനിംഗ് മീറ്റിംഗ്

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ബോർഡ് അംഗങ്ങളുടേയും ഹൈറേഞ്ചിലെ എല്ലാ ഇടവകകളിലെയും ഗ്രാമവികസനസമിതി പ്രസിഡന്റുമാരുടേയും ഇടവക പ്രതിനിധികളുടേയും സംയുക്ത യോഗം ഒക്ടോർ 12 തിങ്കളാഴ്ച തെള്ളിത്തോട് സെന്റ് ജോസഫ്സ് പള്ളിയിൽ സംഘടിപ്പിച്ചു. ജി.ഡി.എസ് പ്രവർത്തന ഗ്രാമങ്ങളിൽ നടപ്പിലാക്കേണ്ട കർമ്മ പദ്ധതികൾക്ക് രൂപം നൽക. ജി.ഡി.എസ് പ്രസിഡന്റ് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, വൈസ് പ്രസിഡന്റ് ഫാ. സാബു മാലിത്തുരുത്തേൽ, സെക്രട്ടറി ഫാ. ജെയിംസ് വടക്കേക്കണ്ടംകരി, ട്രഷറർ ഫാ. ബിൻസ് ചേത്തലിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്റർ കേന്ദ്രമാക്കി പാലിയേറ്റീവ്

കെയർ യൂണിറ്റ് ആരംഭിക്കുന്നു. ഹൈറേഞ്ചിലെ പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ വേണ്ട സേവനം ലഭ്യമാക്കുന്നതിനും ശയ്യാവലംബികളായ രോഗികൾക്ക് പരിചരണ സേവനം ലഭ്യമാക്കുന്നതിനുമായാണ് യൂണിറ്റ് ആരംഭിക്കുന്നത്. യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനുള്ള ആംബുലൻസ് കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിത സമൂഹം ലഭ്യമാക്കും. ആംബുലൻസിന്റെയും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും ഉദ്ഘാടനം 2016 ജനുവരി 16 ന് തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്ററിൽ വച്ച് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് നിർവ്വഹിക്കും.

**ഫാ. ജെയിംസ് വടക്കേക്കണ്ടംകരി**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ**

17 കരിപ്പാടം ഇടവകാംഗം പരേതനായ ഓനച്ചൻ ചെറുകുഴിയുടെ ഭവനത്തിൽ പരേതനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ നടത്തിയ സന്ന്യസ്ത സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

17,18 സേനാപതി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

18 ചക്കുപള്ളം പള്ളിയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും സമാപന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

19 കോതനല്ലൂരിൽ LDSJG കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

20 ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടിയ കമ്മീഷനുകളുടെ മീറ്റിംഗിൽ സംബന്ധിച്ചു.

– ഞീഴൂർ ഇടവകാംഗവും കോട്ടയം അതിരൂപത വൈദീകനുമായ പരേതനായ വട്ടോത്തുപറമ്പിൽ ബഹു. തോമസച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

21. രാജപുരത്ത് പുതുതായി നിർമ്മിക്കുന്ന പാരിഷ് ഹോളിന്റെ തറക്കല്ലിട്ടു.

– പുതുതായി നിർമ്മിക്കപ്പെട്ട മാലക്കല്ല് ചെറുമ്പച്ചാൽ കുരിശു പള്ളി യുടെ വെഞ്ചരിപ്പു നടത്തി.

22 ചൈതന്യയിൽ കൂടിയ വിദ്യാഭ്യാസ-എക്യുമെനിക്കൽ കമ്മീഷ നുകളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

– സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ചുങ്കം ഫൊറോനയുടെ നേതൃത്വത്തിൽ കരിങ്കുന്നത്ത് സംഘടിപ്പിച്ച സമർപ്പിത സംഗമ ത്തിൽ പങ്കെടുത്തു.

24, 25 ഉഴവൂരിൽ അതിരൂപതാ കെ.സി.വൈ.എൽ സംഘടിപ്പിച്ച ഐക്യം 2015 ൽ പങ്കെടുത്തു.

– ഞീഴൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

25 കടുത്തുരുത്തി ഫൊറോനയുടെ കീഴിൽ വരുന്ന എല്ലാ പള്ളിക ളിൽ നിന്നുമുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ കടുത്തുരു ത്തിയിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.

26 അതിരൂപത മെത്രാസന മന്ദിരത്തിൽ കൂടിയ സുപ്പീരിയേഴ്സ് മീറ്റി ങ്ങിൽ പങ്കെടുത്തു.

29 കാരിത്താസ് ആശുപത്രിയിൽ പുതുതായി വാങ്ങിച്ച കാൻസറിന്റെ റേഡിയേഷൻ റ്റെലെതെറാപ്പിക്കുവേണ്ടിയുള്ള മെഷീൻ വെഞ്ച രിക്കുകയും ഉദ്ഘാടന മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

30 ഉഴവൂർ ഇടവകയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെ ടുത്ത് സന്ദേശം നൽകി.

31 മള്ളൂശേരി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുക്കി നിർമ്മിച്ച കുരിശു പള്ളി വെഞ്ചരിക്കുകയും ചെയ്തു.

– കോതനെല്ലൂരിൽ LDSJG കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടെ മീറ്റിംഗിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

31, നവംബർ 1 – തിരുവനന്തപുരം, വിതുര ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

**നവംബർ**

3 ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ നാമകരണ നട പടികളുടെ ഭാഗമായ രൂപതാതല അന്വേഷങ്ങളുടെ സമാപനത്തോ ടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും സമാപന നടപടികൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**November**

| | |
|---|---|
| 7 | Camp of Thirubalasakyam at Chaithanya. |
| 7, 8 | Pastoral visit at Puthuvely. |
| 10 | Pastoral council at Chaithanya. |
| 11 | Presbyteral Council meeting at Chaithanya. |
| 13 | Graduation Ceremony of Caritas Pharmacy College at Caritas. |
| 14 | Seminary day celebrations at S.H. Mount. |
| 15 | Pastoral visit at N.R. City. |
| - | Inauguration of the Thirubalasakya Camp of the Padamugham Forane at N.R. City. |
| 18 | Synaxis of OSH at S.H. Mount. |
| - | Inauguration of Karshikamela at Chaithanya. |
| 21 | Holy Qurbana & 12 hour adoration at Cathedral. |
| - | Alumni meeting at Mariagiri E.M.H.S., Peermade. |
| 22 | Concluding meeting of Karshikamela at Chaithanya. |
| 26, 27 | Regional Bishops' retreat at Idukki. |
| 28 | Holy Qurbana and First Holy Communion at Monippally. |
| - | Anniversary of KCWA at Chaithanya. |
| - | Religious gathering at Mariamala, Pazhuthuruth. |
| 28, 29 | Pastoral visit at Memmury. |
| 30 | Holy Qurbana and Commemoration of Msgr. Jacob Kollaparambil at Kaduthuruthy. |

**December**

| | |
|---|---|
| 04 | Holy Qurbana on the death Anniversary of Servant of God Fr. Thomas Poothathil at Kaipuzha |
| 5, 6 | Pastoral visit at Veliyanadu. |

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 2015**

4 കള്ളാർ പള്ളിയിൽ ഇടയസന്ദർശനം നടത്തി.

5 കണ്ണൂർ ജില്ലാ ഭിന്നശേഷി വെല്ലുവിളിയുള്ള കുട്ടികൾക്ക് നല്കിയ അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

6 ഉഴവൂരിൽ വച്ച് ഐക്യം 2015 കേന്ദ്ര കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

10,11 ബാംഗ്ലൂർ ബി.കെ.സി.എയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉണർവ്വ് 2015 ൽ പങ്കെടുത്തു.

17 ശ്രീപുരത്തു വച്ച് സി. അസാറിയ എസ്.വി.എം ന്റെ വ്രതവാഗ്ദാന സുവർണ്ണജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ചു വചന സന്ദേശം നല്കി.

18 മാണ്ഡ്യ രൂപതാദ്ധ്യക്ഷനായി നിയമിക്കപ്പെട്ട മോൺ. ജോസഫ് കരിയിൽ സി.എം.ഐയുടെ മെത്രാഭിഷേക ചടങ്ങിൽ സംബന്ധിച്ചു.

21. ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ സി.എം.എൽ മലബാർ റീജിയൺ കലാമത്സരങ്ങൾ ഉദ്ഘാടനം ചെയ്തു.

22. കണ്ണൂർ പ്രദേശത്തുള്ള നേഴ്സസ് കൂട്ടായ്മയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നല്കി, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

23,24 ഉഴവൂരിൽ നടത്തിയ ഐക്യം 2015 ൽ സംബന്ധിച്ചു.

29 എറണാകുളം മൗണ്ട് സെന്റ് തോമസിൽ വച്ച് കൂടിയ എസ്.എം.വൈ.എം ഡയറക്ടേഴ്സ്, ആനിമേറ്റേസ് മീറ്റിംഗിൽ പങ്കെടുത്തു.

30 അരമനയിൽ കൂടിയ CEFAK കേന്ദ്രകമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

31 ചൈതന്യയിൽ കൂടിയ അതിരൂപത websites യുമായി ബന്ധപ്പെട്ട ആലോചനാ മീറ്റിംഗിൽ പങ്കെടുത്തു.

**നവംബർ 2015**

1 മാറിക പള്ളിയുടെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത് വി. കുർബാന അർപ്പിച്ചു.

– കടുത്തുരുത്തി ഫൊറോനാ കെ.സി.ഡബ്ല്യു.എ യുടെ ആഭിമുഖ്യത്തിൽ നടത്തിയ Pro-life റാലി ഉദ്ഘാടനം ചെയ്തു.

– കാരിത്താസ് പള്ളിയിൽ വി. കുർബാന അർപ്പിച്ച് ഇടവക ദിനം ഉദ്ഘാടനം ചെയ്തു.

3 ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായ രൂപതാതല അന്വേഷണങ്ങളുടെ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും സമാപന കർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു.

# Engagements

## Mar Joseph Pandarasseril

**November 2015**

4, 5 Bi-monthly of Malabar region priests at Barumariam Kannur.

6-8 Pastoral visit at Kappiset.

8 Perokallor Forane parish council meeting at Pavana Pastoral Centre, Mananthavady.

10 Pastoral Council meeting at Chaithanya

- Central committee meeting of IKYM 2015 at Uzhavoor.

11 Presbyteral council at Chaithanya.

12 Cultural fest at Sreepuram School.

13-15 Pastoral visit at Chengalery.

15 Chengalery Forane parish council meeting at Chengalery.

19-22 Pastoral visit at Pulinjal.

21 Anniversary of St. Anne's EM School Vellamunda.

22 Silver Jubilee inauguration of Puthussery Church.

25-27 Catechetical congress at Mount. St. Thomas Kakkanad.

29 Knanaya Sangamom at Delhi.

30-Dec. 1 Malabar region Bishop's meet at Mananthavady.

# വചനദർശനം

## നവംബർ 8 പള്ളിക്കൂദാശ രണ്ടാം ഞായർ

**(Mt - 12, 1-13)**

ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്. (മത്താ. 12:7) എന്ന തിരുവചനം വിചിന്തനത്തിന് വിധേയമാക്കുമ്പോൾ കരുണ മാറിപ്പോയ അനവധി സങ്കേതങ്ങൾ കൺമുമ്പിൽ തെളിഞ്ഞു വരുന്നു. നിയമത്തിന്റെ മുൾമുനയിൽ നിൽക്കാൻ സാഹസികത ആവശ്യമില്ല.

സാബത്തിനെക്കുറിച്ചാണ് ഫരിസേയരുടെ ഇടയിൽ വിവാദം. ഈ വിശുദ്ധദിവസം നന്മ ചെയ്യാൻ പാടില്ലേന്നോ? ഇതായിരുന്നു യേശുവിന്റെ പ്രതികരണം. നാം ബലി അർപ്പിക്കുന്നത് ദൈവത്തിനാണ്. എന്നാൽ ദൈവത്തിന് മഹത്വം നൽകാൻ നമ്മുക്കാവില്ല, കാരണം അവിടുന്ന് സർവ്വ മഹത്വത്തിന്റേയും പൂർണ്ണതയാണ്. ഈ ചെറിയരിൽ ഒരുവനോടു പോലും കരുണ കാണിക്കുമ്പോൾ അത് ദൈവത്തിനു മുൻമ്പിൽ കൂടുതൽ സ്വീകാര്യമാണ്.

നമുക്ക് ചുറ്റും കാരുണ്യത്തിനുവേണ്ടി കാത്തു നിൽക്കുന്നവർ ധാരാളമുണ്ട്. നമ്മുടെ പ്രിയപ്പെട്ടവർ, അയൽവാസികൾ, ആശ്രിതർ തുടങ്ങി എത്രയോ പേർക്ക് നാം സംലഭ്യരാകാതെ പോകുന്നു. കൺമുമ്പിലെ ആവശ്യക്കാരനെ കാണാനുള്ള ഉൾക്കാഴ്ച ഉണ്ടാവാൻ നമ്മുക്ക് പ്രാർത്ഥിക്കാം. അതിനായി കാരുണ്യനിധികൾ സംഭരിച്ച് വൃദ്ധസദനങ്ങളിലും മാനസിക അസ്വാസ്ഥ്യം അനുഭവിക്കുന്ന സഹോദരങ്ങൾക്ക് അഭയം നൽകിയിരിക്കുന്ന സ്ഥാപനങ്ങളെ സന്ദർശിക്കുവാനും അവരോട് സമ്പർക്കം പുലർത്താനും, സഹായിക്കുവാനും നമ്മുക്കും കഴിയട്ടെ.

## നവംബർ 15 പള്ളിക്കൂദാശ മൂന്നാം ഞായർ

**(Jn: 2-13:22)**

മോഷണം, പിടിച്ചുപറി എന്നിവയെപ്പറ്റി പത്രങ്ങളിലും മറ്റും ധാരാളം കേൾക്കാറുണ്ട്. നേരിട്ടുള്ള മോഷണങ്ങളെക്കാൾ വ്യാപകമാണ് തങ്ങൾ

ആയിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തന്ത്രപൂർവ്വം നേട്ടങ്ങൾ കൈക്കലാക്കുന്നത്.

യേശുവിന്റെ കാലത്ത് യഹൂദമത ജീവിത കേന്ദ്രം ജറുസലേം ദേവാലയമായിരുന്നു. ബലികൾക്കും കാഴ്ചയർപ്പണത്തിനും ആയി മിക്ക യഹൂദരും ദേവാലയത്തിൽ വർഷത്തിലൊരിക്കൽ എത്തിയിരുന്നു. ദേവാലയം ദൈവത്തിന്റെ ഭവനമാണെന്നും അനീതി നിറഞ്ഞ പെരുമാറ്റങ്ങൾ പാടില്ലെന്നും അധികാരപൂർവ്വം യേശു പഠിപ്പിച്ചു.

ദൈവത്തിനും ദേവാലയത്തിനും അർഹിക്കുന്ന ആദരവും ബഹുമാനവും നൽകുവാനുള്ള നമ്മുടെ ഉത്തരവാദിത്വവും ഇന്നത്തെ സുവിശേഷം ഓർമ്മപ്പെടുത്തുന്നു. ദേവാലയത്തിന്റെ പരിശുദ്ധിക്ക് നിരക്കാത്ത പ്രവർത്തികൾ നമ്മിൽ നിന്ന് ഉണ്ടാവരുത്. കാരണം അത് ദൈവത്തിന് നേരെയുള്ള അവഹേളനങ്ങളാണ്. ദേവാലയത്തിനും മറ്റു വസ്തുക്കൾക്കും വ്യക്തികൾക്കും ആദരവും ബഹുമാനവും നൽകുന്നത് ക്രൈസ്തവജീവിതത്തിന്റെ ഭാഗമാണ്.

## നവംബർ 22 മിശിഹായുടെ രാജത്വത്തിരുനാൾ

**(Mt - 22-41:46)**

ചോദ്യം ചോദിക്കുന്നവർ എക്കാലത്തും ധാരാളമുണ്ട്. ഉത്തരം പറയുന്നവരും പറയാത്തവരും ഏറെയുണ്ട്. ചിലർ ഉത്തരം അറിയാത്തതുകൊണ്ട് പറയുന്നില്ല. മറ്റു ചിലർ പറയാൻ പറ്റാത്തതുകൊണ്ടോ മനസ്സില്ലാത്തതുകൊണ്ടോ പറയുന്നില്ല. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ഉണ്ടാവണമെന്നും നിർബന്ധമില്ല. ഉത്തരങ്ങൾ ഉണ്ടായില്ലെങ്കിലും ചോദ്യങ്ങൾ അവസാനിക്കുന്നില്ല.

യേശു ഫരിസേയരോടു ചില ചോദ്യങ്ങൾ ചോദിക്കുന്നതാണ് ഇന്നത്തെ സുവിശേഷം. വളരെ ബുദ്ധിപൂർവ്വമായ ചോദ്യങ്ങൾ എന്നാൽ തിരിച്ച് ചോദിക്കാൻ അവർക്ക് ഉള്ളിൽ അന്നു മുതൽ ഭയമുണ്ടായി.

ആത്മീയ വളർച്ച നേടുന്നതോടെ എല്ലാ ചോദ്യങ്ങളും അവസാനിപ്പിക്കണം എന്നു ചിലർ കരുതുന്നു എന്നാൽ വിശുദ്ധിയിൽ വളരുകയാണ് പ്രധാനം. അറിവിൽ വളരുന്നില്ലെങ്കിൽ കുഴപ്പം ഇല്ല എന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ, ആത്മാർത്ഥതയോടെ അന്വേഷിക്കുന്നവർക്ക് ദൈവം

നിത്യസത്യങ്ങൾ നൽകും. അറിവിനോടൊപ്പം വിവേകവും, വരദാനമായി കിട്ടിയാൽ വിശുദ്ധിയിലേക്ക് വളരാൻ എളുപ്പ വഴിയായി. എല്ലാത്തിനും ഉത്തരം യേശു ക്രിസ്തു എന്ന ഒറ്റ വാക്കിൽ അടങ്ങിയിരിക്കുന്നു. അതിനാൽ നമ്മുക്കും പ്രാർത്ഥിക്കാം. എന്റെ ഗുരുവും നാഥനുമായ യേശുവേ, അവിടുത്തെ നിത്യസത്യങ്ങൾ അറിയുവാനും, അതുവഴി അങ്ങയെ സ്നേഹിക്കുവാനും, ലോകത്തിൽ ശുശ്രൂഷാ മനോഭാവത്തോടെ ജീവിക്കുവാനും എന്നെ ശക്തനാക്കണെ.

## നവംബർ 29 മംഗലവാർത്ത - പിറവിക്കാലങ്ങൾ

**(LK - 1-5:25)**

മക്കൾ ദൈവത്തിന്റെ സമ്മാനമാണ്. മക്കളില്ലാത്ത ദമ്പതികൾ എത്രയോ ആഗ്രഹത്തോടെ നേർച്ചകാഴ്ച്ചകളർപ്പിച്ച് ദൈവ പിതാവിന്റെ പക്കൽ യാചിക്കുന്നു. നിരന്തരമായ പ്രാർത്ഥനയുടേയും, പ്രതീക്ഷ നിറഞ്ഞ ഒരുക്കങ്ങളുടേയും ഫലമായി ലഭിക്കുന്ന സമ്മാനങ്ങൾ ഏറെ വിലപ്പെട്ട നിധികളാണ്.

ഇതുപോലെയുള്ള സഖറിയ - ഏലീശ്വാ ദമ്പതികളുടെ പ്രാർത്ഥനയാണ് ഇന്നത്ത സന്ദേശം. ഇരുവരും പ്രാർത്ഥനാപൂർവ്വം ദൈവ സന്നിധിയിൽ ചെലവഴിക്കുകയാണ്. ദൈവം അവരുടെ പ്രാർത്ഥന കേട്ടു. രണ്ടു പേരുടേയും വ്യത്യസ്തമായ പ്രതികരണവും ചിന്തനീയമാണ്. സഖറിയക്ക് സംശയത്തിന്റെ നിഴൽ, ഏലീശ്വായുടെ പ്രതികരണം ഇപ്രകാരമായിരുന്നു. മനുഷ്യരുടെ ഇടയിൽ എനിക്ക് ഉണ്ടായിരുന്ന അപമാനം കർത്താവ് നീക്കി കളഞ്ഞിരിക്കുന്നു. ദൈവത്തിൽ അടിയുറച്ച വിശ്വാസവും ഈ വാക്കുകളിൽ പ്രതിഫലിക്കുന്നു. ഈ നിലയിലേക്ക് നമ്മുടെ ജീവിതവും ഉയരണം.

തങ്ങളുടെ ആവശ്യം അവർ അവതരിപ്പിച്ചത് ആവശ്യങ്ങൾ നടത്തി തരാൻ ഏറ്റം പര്യാപ്തനായവന്റെ പക്കൽ തന്നെയാണ്. അതുകൊണ്ടു തന്നെയാണ്, ആവശ്യങ്ങൾ നിവർത്തിച്ച് കിട്ടിയപ്പോൾ അതിന്റെ ഏറ്റം പാരമ്യതയിൽ തന്നെ ലഭിച്ചത്. ലോക രക്ഷകനായ യേശുവിന് സാക്ഷ്യം വഹിച്ച സ്നാപകന്റെ മാതാപിതാക്കൾ എന്നതിലും വലിയ ബഹുമാനം മറ്റെന്താണ്. മക്കൾ മാതാപിതാക്കൾക്ക് അഭിമാനമാവണം. അതിന് മാതാപിതാക്കൾക്ക് ഒരുക്കവും പ്രാർത്ഥനയും ആവശ്യമാണ്.

**ബ്രദേഴ്സ്, വടവാതൂർ സെമിനാരി**

# വാർത്തകൾ

## ആഗോള മെത്രാൻ സിനഡ് സമാപിച്ചു

വത്തിക്കാൻ : റോമിൽ നടന്ന 14-ാമത് ആഗോള മെത്രാൻ സിനഡിന് ഒക്ടോബർ 25-ാം തീയതി സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഫ്രാൻസിസ് മർപാപ്പയുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ ഔദ്യോഗിക സമാപനം. സിനഡിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും മാർപാപ്പ വി. കുർബാന മദ്ധ്യേ നന്ദി പറഞ്ഞു. ഒക്ടോബർ 4 നാണ് സിനഡ് ആരംഭിച്ചത്. 270 മെത്രാന്മാരടക്കം വിവിധ രാജ്യങ്ങളിൽ നിന്നുമായ 318 പേരാണ് സിനഡിൽ സംബന്ധിച്ചത്. 'സഭയിലും സമകാലീന ലോകത്തിലും കുടുംബത്തിന്റെ വിളിയും ദൗത്യവും' എന്നതായിരുന്നു ഇത്തവണത്തെ സിനഡിന്റെ വിഷയം. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്തതിനോടൊപ്പം സ്വവർഗ്ഗവിവാഹം, പുനർ വിവാഹിതരുടെയും വിവാഹ മോചിതരുടെയും വിശുദ്ധ കുർബാന സ്വീകരണം തുടങ്ങിയ വിഷയങ്ങളും സിനഡിൽ ചർച്ച ചെയ്തിരുന്നു. ഈ വിഷയങ്ങളിൽ സഭയുടെ മുൻ നിലപാടുകളെയും പഠനങ്ങളെയും ശരിവച്ചുകൊണ്ടുള്ളതാണ് സിനഡ് തയ്യാറാക്കിയ അന്തിമ നയരേഖ.

## വിശ്വസ്തത പഠിപ്പിക്കുന്നതിൽ കുടുംബമാണ് കുട്ടികൾക്ക് വിദ്യാലയം

വത്തിക്കാൻ: സ്നേഹത്തിന്റെ സത്യം പഠിപ്പിക്കാനും വിശ്വസ്തത പരിശീലിപ്പിക്കാനും കുടുംബമല്ലാതെ മറ്റൊരു വിദ്യാലയമില്ല എന്ന് ഫ്രാൻസിസ് മാർപാപ്പാ. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന പൊതുദർശനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു മാർപാപ്പ. കുടുംബം എന്ന യാഥാർത്ഥ്യം സ്ഥാപിതമായിരിക്കുന്നത് ദമ്പതികൾ തമ്മിലുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള ഈ ഉടമ്പടിയുടെ വാഗ്ദാനങ്ങൾ പരസ്പരം സ്വീകരിക്കാനും മക്കളിലേയ്ക്ക് പകർന്നു കൊടുക്കാനും അവർക്ക് ചുമതലയുണ്ടെന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു.

സത്യസന്ധത, വിശ്വസ്തത എന്നീ ഗുണങ്ങൾ അനുദിനജീവിത വ്യാപാരങ്ങളിലൂടെ വളരുന്നതാണ്. കുടുംബജീവിതത്തിലെ വാഗ്ദാനങ്ങളോടുള്ള വിശ്വസ്തത മനുഷ്യവ്യക്തികൾ എന്ന നിലയിലുള്ള നമ്മുടെ മാന്യതയുടെ പ്രകടനമാണ്. വൃദ്ധമാതാപിതാക്കളെ പരിഗണിക്കാനും

കുടുംബത്തിലെ ഏറ്റവും ദുർബലരായ അംഗങ്ങളെ സംരക്ഷിക്കാനും കുട്ടികൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്നു തന്നെയാണ് പഠിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പ കൂട്ടിച്ചേർത്തു.

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കണം: സി. ബി. സി. ഐ

ന്യൂഡൽഹി: കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കണമെന്ന് സി.ബി.സി.ഐ. ഇക്കാര്യം ആവശ്യപ്പെട്ട് ബിഷപ്പുമാർ കേന്ദ്ര മാനവ വിഭവശേഷി വകുപ്പു മന്ത്രി സ്മൃതി ഇറാനിക്ക് നിവേദനം സമർപ്പിച്ചു. രണ്ടു മാസത്തിനകം കേന്ദ്രസർക്കാർ പുതിയ വിദ്യാഭ്യാസനയം പ്രഖ്യാപിക്കുമെന്ന സൂചനകളെ തുടർന്നാണ് ബിഷപ്പുമാർ മന്ത്രിയെ സന്ദർശിച്ചത്. രാജ്യത്ത് ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ അർഹിക്കുന്ന പരിഗണനയോടെ കാണണമെന്നും ബിഷപ്പുമാർ പറഞ്ഞു.

## കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാനസമ്മേളനം ഡിസംബർ 12 ന്

കൊച്ചി: കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സമ്മേളനം ഡിസംബർ 12 ന് ആലപ്പുഴയിൽ നടക്കും. സമ്മേളനത്തിന് മുന്നോടിയായി കൗൺസിലിംങ്ങ് ക്യാമ്പ്, പ്രസംഗമത്സരം, മദ്യ വിരുദ്ധ എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.